**നിയമനിർമ്മാണ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:

(i) 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

(ii) 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(iii) 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(iv) 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

(v) 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും 2024-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. മന്ത്രിയുടെ മറുപടി ഉൾപ്പടെ ഒരു മണിക്കൂറാണ് ചർച്ച. ബഹുമാനപ്പെട്ട അംഗങ്ങൾ അതിൽ കൃത്യത പാലിക്കണമെന്ന് ഒരിക്കൽക്കൂടി ചെയർ ആവശ്യപ്പെടുകയാണ്.

**ചർച്ച**

ഡോ. കെ. ടി. ജലീൽ: സർ, ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവരുടെ സാമുദായിക പ്രാതിനിധ്യം

സർക്കാർ പുറത്തുവിടുന്നത്. രണ്ടാം പിണറായി സർക്കാരിലെ മന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ, ഇസിഡെസ്ക് (ഇ- കാസ്റ്റ് ഡേറ്റബേസ് ഓഫ് എംപ്ലോയീസ് ഇൻ സർവീസ് കേരള)-ൽ നിന്ന് ലഭ്യമായ എല്ലാ വിവരങ്ങളും സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. തന്മൂലം നിരവധി തെറ്റിദ്ധാരണകൾ മാറ്റാൻ കഴിഞ്ഞു. ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.-യുടെ വിശദമായ ചോദ്യത്തിനുള്ള മറുപടിയായാണ് അദ്ദേഹം ഇത് പ്രസിദ്ധീകരിക്കാൻ തയ്യാറായത്. എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ജോലി ചെയ്യുന്നവരുടേതടക്കമുള്ള മുഴുവൻ ജീവനക്കാരുടെയും ജാതിയും സമുദായവും തിരിച്ചാണ് സർക്കാർ ജീവനക്കാരുടെ പ്രാതിനിധ്യം ഔദ്യോഗികമായി രേഖാമൂലം വെളിപ്പെടുത്തിയിരിക്കുന്നത്. 316 സർക്കാർ, അർദ്ധ-സർക്കാർ, എയ്ഡഡ്, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 545423 ജീവനക്കാരുടേയും 238 ജാതികളിൽപ്പെടുന്ന ജീവനക്കാരുടെയും സമുദായവും ജാതിയും തിരിച്ചുള്ള വിശദവിവരങ്ങൾ സാമാന്യം ദീർഘമായ മറുപടിയായാണ് മന്ത്രി നൽകിയിരിക്കുന്നത്. മുൻകാലങ്ങളിലൊന്നും ഇത്തരത്തിലുള്ള ഒരു ഡാറ്റ ജനങ്ങളുടെ മുന്നിൽ വയ്ക്കുന്നതിന് സർക്കാരുകൾ തയ്യാറായിരുന്നില്ല. എന്നാൽ

രണ്ടാം പിണറായി സർക്കാർ അതിന് തയ്യാറായി എന്നുള്ളതിൽ ഒരുപാട് തെറ്റിദ്ധാരണകൾ അകറ്റുന്നതിന് അത് സഹായകമാകും എന്ന കാര്യത്താൽ ഞാൻ പ്രത്യേകം അതിനെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ജോലി ചെയ്യുന്ന ഒരു ലക്ഷത്തിലധികം വരുന്ന അധ്യാപക-അനധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്നവരും ഈ 545423-ൽ ഉൾപ്പെടും. വിവധ മത-സമുദായ-ജാതി വിഭാഗങ്ങൾക്കിടയിൽ അകൽച്ചയും വിദ്വേഷവും ഉണ്ടാക്കാനും ബി.ജെ.പി.-യിലേയ്ക്ക് കാര്യമറിയാത്ത നിഷ്കളങ്കരെ റിക്രൂട്ട് ചെയ്യാനും ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുമ്പോൾ സർക്കാർ പുറത്തുവിട്ട കണക്കുകൾ ഏറെ പ്രസക്തമാണ്. ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കിയാണ് തെറ്റിദ്ധാരണാജനകമായ പ്രസ്താവനകൾ പലരും നടത്താറുള്ളത്. ചില സമുദായങ്ങൾ അനർഹമായി സർക്കാർ സർവ്വീസ് നേടുന്നുവെന്നതരത്തിൽ നടത്തപ്പെടുന്ന കുപ്രചരണങ്ങളുടെ പൊള്ളത്തരം എത്രമാത്രമുണ്ടെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. കേരളത്തിന്റെ മത-സാമുദായിക അന്തരീക്ഷം കലുഷിതമാക്കാൻ കുറച്ച് നാളായി വലിയ ശ്രമങ്ങളാണ് നടക്കുന്നത്. വിവിധ വിശ്വാസധാരകളിലെ തീവ്രമനസ്സുള്ള

സംഘികളാണ് ഇതിനുപിന്നിൽ. കേരളത്തിന്റെ മതേതര ബോധത്തിൽ വർഗ്ഗീയ വിഷം കലർത്താൻ ശ്രമിക്കുന്നവരിൽ ഉത്തരവാദപ്പെട്ടവർപോലും ഉണ്ടെന്നത് അത്യന്തം ഖേദകരമാണ്. നമ്മുടെ സംസ്ഥാനത്ത് അവിഹിതമായി ആരും ഒന്നും നേടിയിട്ടില്ല. അവരവരുടെ യോഗ്യതയ്ക്കനുസൃതമായി മാത്രമേ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലും വകുപ്പുകളിലും ജോലികൾ കരസ്ഥമാക്കിയിട്ടുള്ളൂ. മുന്നാക്ക സമുദായങ്ങൾക്ക് താരതമ്യേന കൂടുതൽ അവസരങ്ങൾ ലഭിച്ചിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അതിനവർ കുറ്റക്കാരല്ല. വിദ്യാഭ്യാസം നേടേണ്ടതിന്റെ പ്രാധാന്യം പണ്ടുമുതൽക്കേ അവർ മനസ്സിലാക്കിയിരുന്നു. അവർ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കാൻ മുന്നോട്ട് വന്നു, പി.എസ്.സി. പരീക്ഷകളിൽ സജീവമായി പങ്കെടുത്തു, സ്വന്തം കഴിവും പ്രാപ്തിയുംകൊണ്ട് ജനറൽ മെറിറ്റ് റാങ്ക് ലിസ്റ്റിൽ ഇടം പിടിച്ചു. മുന്നാക്ക സമുദായക്കാരും പിന്നാക്ക സമുദായങ്ങളിലെ വിദ്യാസമ്പന്നരും അങ്ങനെ നേടിയതാണ് സർക്കാർ ജോലികൾ. അല്ലാതെ ഓട് പൊളിച്ച് അകത്ത് കടന്ന് ആരും ജോലി കരസ്ഥമാക്കിയിട്ടില്ല. ഓരോ മതജാതി സമൂഹങ്ങൾക്കും ഒരോ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുണ്ട്. ഹൈന്ദവ സമുദായത്തിലെ വിവിധ

ജാതികൾക്ക് വിവിധങ്ങളായ ജോലികളാണ് പരമ്പരാഗതമായി നിശ്ചയിക്കപ്പെട്ടിരുന്നത്. പൊതുവെ അധ്വാനവും കായബലവും ആവശ്യമായിരുന്ന ജോലികൾ താഴ്ന്ന ജാതിയിൽപ്പെടുന്നവർക്കായി നീക്കിവയ്ക്കപ്പെട്ടു. ജാതി ശ്രേണിയിൽ മുകളിലേയ്ക്ക് പോകുന്തോറും ജോലിയുടെ ഭാരം കുറഞ്ഞുവന്നു. അങ്ങനെയാണ് ഭരണ നിർവ്വഹണ ജോലികളും ഓഫീസ് ജോലികളും മേൽ ജാതിക്കാരുടേതായി മാറിയത്. ഉയർന്ന ജോലികൾ കിട്ടാൻ ഉയർന്ന വിദ്യാഭ്യാസ യോഗ്യത ആവശ്യമായിരുന്നു. കായികശേഷി വേണ്ട ജോലികൾ ചെയ്യാൻ വിജ്ഞാനത്തിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഹൈന്ദവ സമൂഹത്തിലെ മേൽജാതിക്കാരും മറ്റ് മതവിഭാഗങ്ങളിലെ സാമ്പത്തികമായി മുന്നിൽ നിന്നവരും ഉന്നത വിദ്യാഭ്യാസം നേടാൻ ഉത്സാഹം കാണിച്ചു. താഴ്ന്ന ജാതിയിൽപ്പെട്ടവരും ഇതര മതസമുദായങ്ങളിലെ ശേഷികുറഞ്ഞവരും സ്കൂളുകളിലും കോളേജുകളിലും പോകാൻ മടിച്ചു. ശ്രീനാരായണഗുരുവും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും ഡോ. പൽപ്പുവും നവോത്ഥാനത്തിന്റെ കൈത്തിരി അവരവരുടെ സമുദായങ്ങളിൽ കത്തിച്ച് വച്ചതോടെ പതുക്കെപതുക്കെ ബന്ധപ്പെട്ട

ജനവിഭാഗങ്ങളിൽ നിന്ന് ഇരുട്ട് അകലാൻ തുടങ്ങി. ഈഴവരും പട്ടികജാതിക്കാരും അറിവിന്റെ കവാടങ്ങൾ തേടി സഞ്ചാരം തുടങ്ങി. ജാതിയുടെ പാരമ്പര്യ ജോലിവൃത്തങ്ങൾ തകർത്ത് പിന്നോക്ക ജാതിയിൽപ്പെടുന്ന മിടുക്കർ മുന്നേറി. സ്വാതന്ത്ര്യലബ്ധിക്കുശേഷം ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾ ഏറ്റെടുത്ത് തൊട്ടുകൂടാത്തവരെയും തീണ്ടിക്കൂടാത്തവരെയും സംഘടിപ്പിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി സാമൂഹ്യമായും സാമ്പത്തികമായും പിറകിൽ നിന്നവരെ ഉയർത്തിക്കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് കേരളത്തിൽ തുടർച്ച നൽകി. പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാരിന് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് നേതൃത്വം നൽകിയ 1958-ലാണ് സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള മതസാമുദായിക വിഭാഗങ്ങൾക്കും സർക്കാർ ജോലികളിൽ പ്രാതിനിധ്യം ഉറപ്പാക്കികൊണ്ടുള്ള നിയമനിർമ്മാണം നടത്തിയത്. അതോടെ അറിവിന്റെ പുതിയ മേച്ചിൽ പുറങ്ങൾ തേടി പുറപ്പെട്ട പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാസമ്പന്നർക്ക് സംവരണാനുകൂല്യത്തിന്റെ പിൻബലത്തിൽ സർക്കാർ ജോലികൾ ലഭിച്ചു. കാലചക്രം പിന്നിട്ടപ്പോൾ ജനറൽ മെരിറ്റിലും അവർ സ്ഥാനം പിടിച്ചുതുടങ്ങി. പടിക്കുപുറത്ത് നിർത്തപ്പെട്ട

പിന്നാക്കവിഭാഗങ്ങൾ അതോടെ അധികാരികളായി മാറി. അയിത്തം കൽപ്പിച്ച് മാറ്റി നിർത്തപ്പെട്ടവർക്ക് മറ്റുള്ളവരുടെ തോളോടുതോൾചേർന്ന് സർക്കാർ ഓഫീസുകളിൽ പണിയെടുക്കാൻ കളമൊരുങ്ങി. കേരളം ജാതീയതയുടെ ദുർഭൂതങ്ങളെ പടിയടച്ച് പിണ്ഡം വച്ചു. കാലത്തിന്റെ കുലംകുത്തിയൊഴുക്കിൽ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളും പരമ്പരാഗത ധാരണകളും കീഴ്മേൽ മറിഞ്ഞു. കുലത്തൊഴിലുകളുടെ വളയം ഭേദിച്ച് മുന്നോട്ട് നടക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി അവർക്ക് കരുത്തുപകർന്നു. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ ഇടം നേടിയ രാഷ്ട്രീയ പാർട്ടിയെന്ന സ്ഥാനം കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാത്രം അവകാശപ്പെട്ടതാണ്. ഹൈന്ദവ സമുദായത്തിലെ പിന്നാക്ക ജനവിഭാഗങ്ങളുടെയും മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികശേഷി കുറഞ്ഞവരുടെയും മുസ്ലീം പിന്നാക്ക ന്യൂനപക്ഷ സമുദായങ്ങളുടെയും പുരോഗതിയുടെ വഴിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്ര നാൾവഴികൾ കാണാൻ നമുക്ക് സാധിക്കും. പിന്നാക്കാധിഷ്ഠിത സമൂഹങ്ങളുടെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് (കെ. എസ്. & എസ്.എസ്.

ആർ.) സർക്കാർ ഉദ്യോഗമേഖലയിൽ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നടപ്പാക്കിയതാണ്. അതോടെയാണ് ഹൈന്ദവ സമുദായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ-ഈഴവ വിഭാഗങ്ങളിലുൾക്കൊള്ളുന്ന പിന്നാക്കക്കാരും ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യ ശ്രേണിയിൽ പിന്നിലായ മുസ്ലീങ്ങളും ക്രൈസ്തവ സമൂഹത്തിൽ പിന്നിലേയ്ക്ക് തള്ളപ്പെട്ടവരും ഭരണ നിർവ്വഹണത്തിൽ പങ്കാളികളായി തുടങ്ങിയത്. കെ.എസ്.&എസ്.എസ്.ആർ. നടപ്പാക്കപ്പെട്ടതോടെയാണ് സർക്കാർ ജോലികളിൽ നിന്ന് തീണ്ടാപാടകലെ അകറ്റി നിർത്തപ്പെട്ട ജനതതികൾ സർക്കാർ സംവിധാനത്തിന്റെ ഭാഗമായി മാറിയത്. ക്രൈസ്തവ സമൂഹം ബ്രിട്ടീഷുകാരുടെ കാലംതൊട്ടെ വിദ്യാഭ്യാസം ആർജ്ജിക്കുന്ന കാര്യത്തിലും ജോലി കരസ്ഥമാക്കുന്ന കാര്യത്തിലും മുന്നിൽനിന്നവരാണ്. വ്യത്യസ്ത മെഷിനറിമാർ തിരുകൊച്ചിയിൽ മഹാരാജാക്കന്മാരുടെ പിന്തുണയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണിതു. താന്താങ്ങളുടെ ഭരണ പ്രദേശങ്ങളിൽ പ്രജകൾക്ക് വിജ്ഞാനം നൽകാൻ മഹാരാജക്കന്മാരും ശ്രദ്ധചെലുത്തി. ക്രൈസ്തവ സമുദായത്തിൽ നന്നായി പഠിച്ചവർ ഭരണസിരാകേന്ദ്രങ്ങളിൽ എത്തിപ്പെട്ടു. കാലത്തിന്റെ മാറ്റം

ഉൾക്കൊണ്ട് ആതുരശുശ്രൂഷാരംഗത്തും വിദ്യാഭ്യാസ മേഖലയിലും മറ്റ് തൊഴിൽ രംഗങ്ങളിലും ശോഭിക്കാനുതകുന്ന വിജ്ഞാന ശാഖകളിലേയ്ക്ക് യുവതലമുറയെ പറഞ്ഞയയ്ക്കാൻ ക്രൈസ്തവ സഭകളും പുരോഹിതരും പ്രകടിപ്പിച്ച താൽപര്യം ക്രിസ്ത്യൻ സമൂഹത്തിന്റെ കുതിപ്പിന് ആക്കം കൂട്ടി. ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും നഴ്സുമാരെ സംഭാവന ചെയ്യാൻ കഴിഞ്ഞതിൽ കേരളത്തിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങൾക്ക് എക്കാലവും അഭിമാനിക്കാം. കാലത്തിന് മുമ്പേ സഞ്ചരിക്കാൻ ഓരോ സഭയും അതിന്റെ അനുയായികളെ പഠിപ്പിച്ചു. മുസ്ലീംങ്ങളാകട്ടെ സാമ്രാജ്യത്വ വിരോധത്താൽ ഇംഗ്ലീഷുകാരുടെ ഭാഷയോടും അവർ നടപ്പാക്കിയ വിദ്യാഭ്യാസത്തോടും പുറംതിരിഞ്ഞു നിന്നു. പെൺകുട്ടികളെ സ്കൂളിലയയ്ക്കാൻ മലബാറിലെ ഭൂരിഭാഗം മുസ്ലീം കുടുംബങ്ങളും വിമുഖത കാണിച്ചു. പരമ്പരാഗതമായി പഠനത്തേക്കാൾ കച്ചവടത്തിലായിരുന്നു അവർക്ക് താൽപര്യം. പോർച്ചുഗീസുകാരോടും ബ്രിട്ടീഷുകാരോടും ഇഞ്ചോടിഞ്ച് പൊരുതി നിന്നത് മുസ്ലീംങ്ങളുടെ സാമ്പത്തിക പുരോഗതിയെ പ്രതികൂലമായി ബാധിച്ചു. മഹാഭൂരിഭാഗം മാപ്പിളമാരും കുടിയാൻമാരോ കർഷകത്തൊഴിലാളികളോ ആയിരുന്നു. ബ്രിട്ടീഷ് ഭരണത്തോട് ചേർന്നുനിന്ന

കുബേര മുസ്ലീംങ്ങളായ വിരലിലെണ്ണാവുന്നവർ മാത്രമാണ് ഭൂജന്മിമാരുടെ പട്ടികയിൽ സ്ഥാനം പിടിച്ചത്. 1921-ലെ മലബാർ കലാപം മാപ്പിളമാരുടെ സ്ഥിതി കൂടുതൽ ദയനീയമാക്കി. നിരവധിപേർ കൊല്ലപ്പെടുകയും നൂറുക്കണക്കിന് ആളുകളെ ആൻഡമാനിലേയ്ക്ക് നാടുകടത്തുകയും ചെയ്തു. അനവധി പേർ ബെല്ലാരിയിലും കോയമ്പത്തൂരിലുമടക്കമുള്ള ജയിലുകളിൽ അടയ്ക്കപ്പെട്ടു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് സാമ്പത്തിക ശേഷിയുള്ള മുസ്ലീം സമുദായത്തിലെ പ്രമാണിമാർപോലും വേണ്ടത്ര ആലോചിച്ചില്ല. സ്വാതന്ത്ര്യാനന്തരം മുസ്ലീംങ്ങളുടെ പരിതാപകരമായ സാമൂഹികാവസ്ഥ ഒച്ചിന്റെ വേഗതയിൽ മാറിത്തുടങ്ങി. നവോത്ഥാനത്തിന്റെ വെളിച്ചം സഹോദര സമുദായങ്ങളെ അപേക്ഷിച്ച് വൈകിയാണ് മുസ്ലീംങ്ങളിൽ എത്തിത്തുടങ്ങിയത്. മതനേതാക്കളും സംഘടനകളുമാണ് അതിന് ചുക്കാൻ പിടിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ കാർമ്മികത്വത്തിൽ നിലവിൽവന്ന കുടിയൊഴിപ്പിക്കൽ നിരോധന നിയമവും കേരളാ ഭൂപരിഷ്കരണ നിയമവും മലബാറിലെ മാപ്പിളമാരെ ഭൂമിയുടെ കൈവശാവകാശികളാക്കി. പ്രാരാബ്ദവും കഷ്ടപ്പാടുകളും 1980-കൾക്കുശേഷം അവരെ ഗൾഫ് കുടിയേറ്റത്തിന്

പ്രേരിപ്പിച്ചു. അതോടെ മലബാറിലെ മുസ്ലീം ജനവിഭാഗത്തിന്റെ തലവര മാറ്റിയെഴുതപ്പെട്ടു. 1967-ൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ്-മുസ്ലിംലീഗ് മന്ത്രിസഭ മലബാറിലെ മുസ്ലീംങ്ങൾക്കിടയിൽ സ്ഥായിയായ മാറ്റങ്ങൾക്ക് തുടക്കമിട്ടു. മലപ്പുറം ജില്ല നിലവിൽവന്നതും കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്ഥാപിതമായതും ജില്ലയുടെ നാനാഭാഗങ്ങളിലും സർക്കാർ സ്കൂളുകൾ ആരംഭിച്ചതും മുസ്ലീംങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക ഉന്നതിക്ക് ആക്കം കൂട്ടി. ഇ.എം.എസ്. നമ്പൂതിരിപ്പാടും സി.എച്ച്. മുഹമ്മദ് കോയ സാഹിബും കൈകോർത്തതോടെ അസാധ്യമാണെന്ന് കരുതിയ പലതും സാധ്യമായി. മുസ്ലിം സംവരണ ക്വാട്ടയിൽപോലും യോഗ്യരായ അപേക്ഷകർ ഇല്ലാത്തതുകാരണം സർക്കാർ ഉദ്യോഗത്തിൽ കയറിപ്പറ്റാൻ 1960-കളിലും 1970-കളിലും അവർക്ക് സാധിച്ചില്ല. പേരിനെങ്കിലും കയറിയവരാകട്ടെ ഏറിയകൂറും തിരു-കൊച്ചിയിലെ മുസ്ലീംങ്ങളും കണ്ണൂർ, തലശ്ശേരി ഭാഗങ്ങളിൽനിന്നുള്ള എഡ്യൂക്കേറ്റഡ് ക്ലാസ്സുമായിരുന്നു. സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ എയ്ഡഡ് സ്കൂളുകളും കോളേജുകളും വെച്ചുകെട്ടിക്കൊടുത്തിട്ടുപോലും ഏറ്റെടുക്കാൻ തയ്യാറാകാതിരുന്ന അവസ്ഥ

അന്ന് നിലവിലുണ്ടായിരുന്നു. മുസ്ലീംങ്ങൾക്ക് ഭൗതിക വിദ്യാഭ്യാസം നൽകുന്നതിൽ സംഘടനയെന്ന നിലയിൽ മുന്നിട്ട് നിന്നത് എം.ഇ.എസ്. (മുസ്ലീം എജ്യൂക്കേഷണൽ സൊസൈറ്റി) ആണ്. സയ്യിദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങളും കെ.എം. സീതി സാഹിബും സി.എച്ച്. മുഹമ്മദ് കോയയും അബ്ദുസ്സബാഹ് മൗലവിയും ഡോ. ഗഫൂർ സാഹിബും തങ്ങൾ കുഞ്ഞ് മുസലിയാരും ....

ചെയർപേഴ്സൺ: പ്ലീസ്....അങ്ങ് സമയം പാലിച്ച് സംസാരിക്കണം.

ഡോ. കെ. ടി. ജലീൽ: സർ, മുസ്ലീം സമുദായങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി അക്ഷീണം പ്രയത്നിച്ചു. അതോടെ ചിത്രം മാറിത്തുടങ്ങി. പതിനെട്ട് വയസ്സായ മുസ്ലീം ചെറുപ്പക്കാർ ഗൾഫ് നാടുകൾ സ്വപ്നം കണ്ട് ജീവിച്ചത് ഉന്നത വിദ്യാഭ്യാസ രംഗത്തെ മുസ്ലീം പ്രാതിനിധ്യക്കുറവിന് വഴിയൊരുക്കിയെന്നുള്ളത് ഒരു സത്യമാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.....

ഡോ. കെ. ടി. ജലീൽ: സർ, കടൽ കടന്നുപോയ മാപ്പിളമാർ ലോകം കണ്ടതോടെ പുതുതലമുറയെ വിദ്യാഭ്യാസമാർജ്ജിക്കാൻ അവർ പ്രേരിപ്പിച്ചു.

അതോടെ വിവിധ മതസംഘടനകൾ മത്സരിച്ച് സ്ഥാപനങ്ങൾ തുടങ്ങി. മത/മതേതര വിദ്യാഭ്യാസം ഒരുമിച്ച് നൽകുന്ന വേറിട്ട ശൈലിയാണ് ഭൂരിഭാഗം മുസ്ലീം സംഘടനകളും അവലംബിച്ചത്. പെൺകുട്ടികൾ വിദ്യാഭ്യാസമാർജ്ജിച്ചതോടെ വലിയ മുന്നേറ്റം വൈജ്ഞാനിക രംഗത്തുണ്ടായി. ഉദ്യോഗമേഖലകളിലും മറ്റ് മേഖലകളിലും എല്ലാ ന്യൂനപക്ഷ പിന്നാക്ക ജനവിഭാഗങ്ങൾക്കും പ്രാതിനിധ്യം തീർച്ചയായും ഉറപ്പുവരുത്തണം. ജനറൽ മെറിറ്റിൽത്തന്നെ അവരുടെ സംവരണത്തിന്റെ വലയത്തിനപ്പുറത്തേയ്ക്ക് അവർ കടന്നുവരികയും അവർ ആ സ്ഥാനങ്ങൾ നേടാൻ പ്രാപ്തി നേടുകയും വേണം. അതിന് എല്ലാവിധ നടപടിക്രമങ്ങളും ഉണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്തുണയ്ക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. പ്ലസ് വണ്ണിന് മലപ്പുറത്ത് 120 ബാച്ചുകൾ പുതുതായി അനുവദിച്ച വിദ്യാഭ്യാസ മന്ത്രിയോടും കേരള ഗവൺമെന്റിനോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. അതുകൊണ്ട് പ്രശ്നത്തിന് പര്യവസാനമായിട്ടില്ല. ഇത്രയും ബാച്ചുകൾ അനുവദിച്ചാലും പ്രശ്നങ്ങൾ തീരുന്നില്ല. നാമമാത്രമായി അനുവദിച്ച

120 ബാച്ചുകളിലൂടെ ഏകദേശം 6700 കുട്ടികൾക്കുമാത്രമെ പ്രവേശനം ലഭിക്കുകയുള്ളൂ. അതുകൂടി പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. സംസ്ഥാനത്ത് നികുതി കൃത്യമായി പിരിച്ച് വരുമാനത്തിനനുസരിച്ച് ചെലവഴിച്ച്, ജനക്ഷേമകരമായ പരിപാടികളും വികസന പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ്, പണത്തിനായി കേന്ദ്ര സർക്കാരിന്റെ മുന്നിൽ യാചിച്ചുനിൽക്കാതെ നമ്മുടെ സംസ്ഥാനത്തെ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി വരുമാനം കണ്ടെത്തുകയും ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ ഓഡിറ്റ് എൻഫോഴ്സ്മെന്റ് ഇന്റലിജൻസ് വിഭാഗമടക്കമുള്ള സർക്കാർ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ നടത്തിയ പ്രസ്താവനയുടെ ചുവടുപിടിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനം വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള നിതാന്ത ജാഗ്രയുണ്ടാകണമെന്ന് ഈ

സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. എന്നിരുന്നാലും പ്രയോറിറ്റി നിശ്ചയിക്കുന്ന സന്ദർഭത്തിൽ, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കോവിഡ് കാലത്ത് സാധാരണക്കാർക്ക് ഏറെ ആശ്വാസം നൽകുന്ന ഒരു പദ്ധതിയായിരുന്നു കുടുംബശ്രീ നടത്തിയിരുന്ന ജനകീയ ഹോട്ടൽ. അതുവഴി സാധാരണക്കാരെ സംബന്ധിച്ച് ഭക്ഷണം ലഭിക്കുകയെന്നത് വലിയ സന്തോഷം പകരുന്ന കാര്യമായിരുന്നു. പക്ഷെ ഈ ഹോട്ടൽ നടത്തിയിരുന്ന കുടുംബശ്രീ വനിതകൾക്ക് ലഭിക്കേണ്ട സബ്സിഡി ലഭിക്കാതെ സെക്രട്ടേറിയറ്റിന് മുമ്പിലടക്കം സമരം ചെയ്ത കാര്യം അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ഇതിന് അടിയന്തര പ്രാധാന്യം നൽകി അവർക്ക് സബ്സിഡി നൽകുന്നതിനുള്ള പ്രയോറിറ്റി നിശ്ചയിക്കണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മാത്രമല്ല ഈ സബ്സിഡി നിർത്താൻപോകുന്നുവെന്നൊരു വാർത്ത കേട്ടു. സബ്സിഡി വർധിപ്പിച്ച് ആ ഹോട്ടലുകൾ തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ കഴിഞ്ഞ രണ്ടുദിവസമായി പാളയം രക്തസാക്ഷി മണ്ഡപത്തിനടുത്ത് റേഷൻ

വ്യാപാരികൾ സമരത്തിലായിരുന്നു. കോവിഡ് കാലത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്ത കിറ്റുകളുടെ കമ്മീഷനുവേണ്ടിയാണ് സമരം ചെയ്തത്. അത് പൂർണ്ണമായും ഇപ്പോഴും കൊടുക്കാൻ സാധിച്ചിട്ടില്ല. ആ കാര്യത്തിനുകൂടി പ്രയോറിറ്റി അടിസ്ഥാനത്തിൽ പരിഹാരം കാണണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. അതുപോലെ മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ട മണ്ണെണ്ണ സബ്സിഡി അവരുടെ മക്കളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവ അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടിയുണ്ടാകണമെന്ന് ഈയവസരത്തിൽ സൂചിപ്പിക്കുന്നു. അതുപോലെതന്നെ വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർ അവരുടെ ആനുകൂല്യത്തിനായി മാസങ്ങളോളം സെക്രട്ടേറിയറ്റിനുമുന്നിൽ സമരം ചെയ്യുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ട വിഷയമാണ്. ഞങ്ങളെല്ലാം ആ സമരത്തിൽ പങ്കെടുത്ത ആളുകളാണ്. ആ വിഷയവും അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ക്ഷേമ പെൻഷനടക്കമുള്ള ഒരുപാട് കാര്യങ്ങൾ. പ്രയോറിറ്റി

നിശ്ചയിക്കുന്ന സന്ദർഭത്തിൽ അത്തരം വിഭാഗങ്ങളെ മുന്നിൽകണ്ടുകൊണ്ട് അവർക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുള്ള അടിയന്തര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെത്തന്നെ കിഫ്ബിയിലൂടെ സംസ്ഥാനത്ത് കുറച്ച് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നതിൽ സംശയമില്ല. പക്ഷെ നമ്മുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനും സാമ്പത്തിക അച്ചടക്കം തിരികെ കൊണ്ടുവരാനും കിഫ്ബി നിയമത്തിൽ ചില ഭേദഗതികൾ നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ മോട്ടോർ വാഹന നികുതിയുടെ 50 ശതമാനവും ഇന്ധന സെസ്സിന്റെ നൂറ് ശതമാനവും ഓട്ടോമാറ്റിക്കായി സർക്കാർ അക്കൗണ്ടിൽനിന്നും കിഫ്ബിയുടെ പക്കലുള്ള സ്വകാര്യ ബാങ്കുകളുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഈ പണം ട്രഷറികളിൽ നിക്ഷേപമായി വരുന്നില്ല. നിലവിലെ വ്യവസ്ഥയ്ക്ക് ഒരു സാമ്പത്തിക വർഷത്തിൽ കിഫ്ബി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്കായി നിശ്ചിത തുക ബജറ്റിൽ വകയിരുത്തുകയും ആ തുക കിഫ്ബിക്ക് സ്വതന്ത്രമായി ചെലവഴിക്കാൻ അനുവാദം നൽകുകയും അതിനുപുറമെ ആവശ്യമായിവരുന്ന തുക അഡീഷണൽ

ആതറൈസേഷൻ വഴിയോ റീ അപ്രോപ്രിയേഷൻ മുഖേനയോ കിഫ്ബിക്ക് അനുവദിക്കുന്ന രീതി പരിഗണിച്ചാൽ സ്വകാര്യ ബാങ്കുകളിലേയ്ക്ക് പോകുന്ന ഭീമമായ തുക ട്രഷറികളിൽ നിക്ഷേപിക്കാൻ സാധിക്കും. അത് ഒരു പരിധിവരെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് ആശ്വാസകരമാകുമെന്ന കാര്യം അങ്ങ് ആലോചിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പലപ്പോഴായി നിയമസഭയിൽ ഒരുപാട് പ്രസംഗങ്ങൾ നടന്നു. അതിൽ യു.ഡി.എഫ്.-ന്റെ എം.പി.-മാർ കേന്ദ്ര ഗവൺമെന്റിൽനിന്നും ഫണ്ട് നേടിയെടുക്കുന്നതിൽ സഹകരിക്കുന്നില്ലെന്ന വലിയ തോതിലുള്ള ആക്ഷേപങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം നേടിയെടുക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും യു.ഡി.എഫ്. എം.പി.-മാരുടെ ഭാഗത്തുനിന്നുമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിച്ചിരുന്നു, അതൊരു പോസിറ്റീവായ സമീപനമായിരുന്നു. അതുകൊണ്ട് ഇവിടെനിന്നും കേന്ദ്ര മന്ത്രിമാരേയും പ്രധാനമന്ത്രിയേയും കാണുന്നതിനായി പോകുന്ന മന്ത്രിമാരോടൊപ്പം എം.പി.-മാർ കൂടെയുണ്ടെങ്കിൽ അതൊരു സമ്മർദ്ദമായി മാറ്റാൻ സാധിക്കുമോയെന്ന

കാര്യം വളരെ ഗൗരവമായി സർക്കാർ പരിഗണിക്കണം. അല്ലാതെ യു.ഡി.എഫ്.-ന്റെ എം.പി.-മാർ സഹകരിക്കുന്നില്ലെന്ന് വാ തോരാതെ പ്രസംഗിച്ചിട്ട് കാര്യമില്ല. നമ്മൾ പരസ്പരം സഹകരിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണ് ഉണ്ടാകേണ്ടത്. കേരളത്തിന് കിട്ടേണ്ട വിഹിതം അത് കൃത്യമായി നേടിയെടുക്കുന്നതിനുള്ള ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുന്നതിനൊന്നും യാതൊരു കുഴപ്പവുമില്ല. അതിൽ യു.ഡി.എഫ്.-ന്റെയും യു.ഡി.എഫ്. എം.പി.മാരുടെയും സഹകരണമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലുകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഗവൺമെന്റിന്റെ ഉപധനാഭ്യർഥനകളേയും അധിക ധനാഭ്യർഥനകളേയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലുകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. കടുത്ത സാമ്പത്തിക ഞെരുക്കത്തിലും ഒട്ടേറെ നൂതന പദ്ധതികളുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ജനകീയ കേരള സർക്കാർ അതിന്റെ പ്രയാണം തുടരുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും

തൊഴിലിനുമെല്ലാം വലിയ മുൻഗണനയാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്. കേരളത്തിന്റെ പുരോഗതി ലോകത്തിന് മുമ്പിൽ എത്തുന്ന വിധത്തിലുള്ള നിരവധിയായ പദ്ധതികളും പ്രവർത്തനങ്ങളുമായി ഇടതുപക്ഷ സർക്കാർ കുതിക്കുകയാണ്. ഗവൺമെന്റ് പ്രയോറിറ്റി സംബന്ധിച്ച് പലപ്പോഴും ഇവിടെ അംഗങ്ങൾ ചോദിക്കാറുണ്ട്. ഞങ്ങളെയും മുന്നണിയെയും സംബന്ധിച്ച് ഒരൊറ്റ പ്രയോറിറ്റിയെയുള്ളൂ, അത് പാവപ്പെട്ടവർക്കുവേണ്ടിയുള്ള വികസന പരിപാടികൾ തന്നെയാണെന്ന കാര്യത്തിൽ തർക്കമില്ല. എല്ലാവർക്കും വീട്, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യം എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി, സാധാരണക്കാരായ അടിസ്ഥാന വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഗവൺമെന്റ് കൊണ്ടുവന്ന പരിപാടികൾ പരിശോധിച്ചാൽ പ്രയോരിറ്റി എന്തെന്ന് മനസ്സിലാകും. ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ വിവിധങ്ങളായ പദ്ധതികൾ നമ്മുടെ ഗവൺമെന്റ് സജീവമായി നടപ്പാക്കുന്നുണ്ടെന്ന് കാണാൻ കഴിയും. അതിദരിദ്രരെ കണ്ടെത്തുന്നതും പ്രത്യേക പരിപാടിയിലൂടെ അവരെ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികളും ഇതിന്റെ ഭാഗമാണ്. അതിദരിദ്ര്

ഏറ്റവും കുറവുള്ള സംസ്ഥാനം ഈ കൊച്ചുകേരളമാണെന്ന് പറയുമ്പോൾ ആഹ്ലാദിക്കാൻ അതിനേക്കാൾ കൂടുതൽ കാരണങ്ങൾ ആവശ്യമുണ്ടോ? ഏറ്റവും വികസിതമായ ഒരു സമൂഹത്തിന്റെ ഒപ്പം നിൽക്കാൻ കഴിയുന്ന അർഥത്തിൽ ഈ വികസന പരിപാടികൾ മുമ്പോട്ടുപോകുകയാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സംസ്ഥാനം, 1600 രൂപ വീതം 62 ലക്ഷം പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്ന സംസ്ഥാനം, പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് വിദേശ പഠന സഹായം നൽകുന്ന സംസ്ഥാനം, മൂന്ന് വർഷംകൊണ്ട് ഏകദേശം ഒന്നര ലക്ഷത്തോളം ആളുകൾക്ക് പട്ടയ വിതരണം നടത്തിയ സംസ്ഥാനം എന്നിങ്ങനെ എത്രയോ ഉദാഹരണങ്ങൾ നമുക്ക് എടുത്തുകാണിക്കാൻ സാധിക്കും. വികസനമെന്നാൽ പ്രിയപ്പെട്ടവരേ, പണം ചെലവാക്കി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമല്ല, മറിച്ച് ജനപങ്കാളിത്തോടെ, അതായത് people's participation എന്ന വലിയ ഒരു ശ്രമവും അതിനൊപ്പം ഉണ്ടാകണം എന്നതിനാൽ, അതുകൂടി ഉറപ്പുവരുത്തുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. ലൈഫ് പദ്ധതി നടപ്പാക്കുമ്പോൾ അതിനോട് ബന്ധപ്പെട്ട് "മനസ്സോടിത്തിരി

മണ്ണ്" പരിപാടി, സ്കൂൾ കെട്ടിടം നിർമ്മിക്കുമ്പോൾ അതിനാവശ്യമായ ഫർണിച്ചർ, പൂർവ്വ വിദ്യാർത്ഥികളിൽനിന്നോ നാട്ടുകാരിൽനിന്നോ അതല്ല മറ്റേതെങ്കിലും ആളുകളിൽനിന്നോ ലഭ്യമാക്കാൻ സാധിക്കുമോ, എന്നതുടങ്ങി ഏത് തരത്തിലുള്ള സംവിധാനങ്ങൾ ആലോചിക്കുമ്പോഴും ജനങ്ങളുടെകൂടി കൂട്ടായ്മ ഉറപ്പുവരുത്തുന്ന വികസന പ്രവർത്തനത്തിനാണ് ഗവൺമെന്റ് മുൻതൂക്കംകൊടുക്കുന്നത്. മാത്രമല്ല, പരിസ്ഥിതി സൗഹാർദ്ദപരമായി, കാർബൺ ന്യൂട്രൽ എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കുകയും പറയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സർക്കാർ, ഇന്ത്യയിൽത്തന്നെ ഏറ്റവും മുമ്പിൽ നടക്കുന്ന സർക്കാർ കേരളത്തിലേതാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട പദ്ധതികളും നമ്മുടെ ലക്ഷ്യമാണ്. ഇച്ഛാശക്തിയോടുകൂടി അത്തരം കാര്യങ്ങൾ നടപ്പാക്കുന്നുമുണ്ട്. വിഴിഞ്ഞം പദ്ധതി സംബന്ധിച്ചാണെങ്കിൽ നാളെ നമ്മൾ എല്ലാവരും പങ്കെടുക്കുന്ന ഒരു വലിയ പരിപാടി നടക്കുകയാണല്ലോ, കേരളത്തിന്റെ തൊഴിൽ മേഖലയിലും അടിസ്ഥാന സൗകര്യ മേഖലയിലും വലിയ മാറ്റങ്ങൾ വരുത്തുന്ന ഇത്തരം പദ്ധതികൾ, NH-

66-ന്റെ വികസനം ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല, കയ്പമംഗലം നിയോജക മണ്ഡലം സംബന്ധിച്ച കുറച്ച് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. രാവിലെ സബ്മിഷൻ ഉന്നയിച്ചപ്പോൾ പറഞ്ഞതുപോലെ ഫിഷ് ലാന്റിംഗ് സെന്റർ സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കണം, അതുപോലെ സാധാരണക്കാർ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആശ്രയിക്കുന്ന ഗവൺമെന്റ് ഓഫീസുകൾ ഇപ്പോൾ പല സ്ഥലങ്ങളിൽ ചിതറിക്കിടക്കുന്നത് ഒരുമിപ്പിക്കുന്ന 'റവന്യൂ ടവർ പദ്ധതി' വേഗത്തിലാക്കി യാഥാർഥ്യമാക്കണം.  ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച, കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളെ സംരക്ഷിക്കാനുള്ള 'ടെട്രോപാഡ് പദ്ധതി' സംബന്ധിച്ച് ഗൗരവതരമായി ചിന്തിക്കണം. ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന ബജറ്റിൽ ഇടംപിടിക്കുകയും തനത് വർഷം ഇരുപത് ശതമാനം ഫണ്ട് വകയിരുത്തുകയും ചെയ്ത 'ഉപ്പുംതുരുത്തി', 'ആറാട്ടുവഴി' എന്നീ പാലങ്ങളുടെ പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നമുക്കറിയാവുന്നതുപോലെ തിരഞ്ഞെടുപ്പുകളിലും അതല്ലാതെയും ഉയർന്നുവന്ന നിരവധിയായ വിഷയങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് പ്രവാസികളെ സംബന്ധിച്ച വിഷയങ്ങൾ, അവർക്ക് വളരെയധികം കാര്യങ്ങൾ ചെയ്തുകൊടുത്ത ഗവൺമെന്റാണെന്നതിൽ തർക്കമില്ല, എന്നാലും ആ രംഗത്ത് തിരിച്ചുവരുന്ന പ്രവാസി സുഹൃത്തുക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ചെയ്യാൻ സാധിക്കുമോ എന്നതിൽ വളരെ ഗൗരവത്തോടെയുള്ള ആലോചന സർക്കാർ നടത്തേണ്ടതുണ്ട്, കൂടാതെ നിരവധിയായ പ്രയാസങ്ങൾ പ്രവാസി രംഗത്തുണ്ടെന്നതിനാൽ അവ പരിഹരിക്കാനായി ഒരു കർമ്മപരിപാടി രൂപീകരിച്ച് പ്രാവർത്തികമാക്കേണ്ടതുമുണ്ട്. 15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളന കാലയളവിൽ, കഴിഞ്ഞ ഒരു മാസമായുള്ള കാര്യങ്ങൾ വിലയിരുത്തുമ്പോൾ എനിക്ക് ഒരു കാര്യം ഓർമ്മ വരികയാണ്, ഞങ്ങളുടെ നാട്ടിൽ അപൂർവ്വമായ ഒരു ആചാരമുണ്ട്, വീടുകളിൽ എല്ലാ നല്ല ചടങ്ങുകൾ നടക്കുമ്പോഴും ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകളെ വീട്ടിലേയ്ക്ക് കൊണ്ടുവരും, അവരുടെ ജോലി "പ്രാകുക"എന്നതാണ്, അതായത് കൈ തലയിൽവച്ച് എന്തെങ്കിലും ആയിപ്പോകട്ടേ എന്ന 'പ്രാക്ക്"

നടത്തുകയാണ്. അങ്ങനെ ചെയ്യുമ്പോൾ വീട്ടിൽ നടത്താനുദ്ദേശിക്കുന്ന ചടങ്ങ് സമംഗളമായി പര്യവസാനിക്കുമെന്നാണ് വിശ്വാസം, ഇവിടെ പ്രതിപക്ഷത്തിന്റെ റോളും അതുതന്നെയായിരുന്നു, ഗവൺമെന്റ് ഏത് നല്ല പ്രവർത്തനം നടത്തുമ്പോഴും അതിനെക്കുറിച്ച് എല്ലാതരത്തിലുമുള്ള 'നെഗറ്റീവ്' തീർച്ചയായും നിങ്ങൾ പറഞ്ഞാൽ, ഈ നിയമസഭാ പ്രവർത്തനവും ഗവൺമെന്റ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഏറ്റവും മംഗളമായി തീരാനുള്ള പ്രവൃത്തിയായി അതിനെ വിലയിരുത്തപ്പെടുകയാണെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഒട്ടും ദീർഘിപ്പിക്കുന്നില്ല, ഈ ഗവൺമെന്റ് അവതരിപ്പിച്ച എല്ലാ ധനാഭ്യർഥനകളെയും ധനവിനിയോഗ ബില്ലുകളെയും പ്രത്യേകമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്തുണയ്ക്കുകയാണ്. ഈ ഫ്ലോറിൽ എപ്പോഴും ഉയർന്നുകേട്ട ഒരു ചോദ്യമുണ്ട്, കേരളത്തിന്റെ പ്രതിപക്ഷനേതാവും ഉപനേതാവും പ്രതിപക്ഷാംഗങ്ങളും മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും എന്താണ് നിങ്ങളുടെ പ്രയോരിറ്റി എന്നുചോദിച്ചു, ഇന്നലെ സഭാ നാഥനായ കേരളത്തിന്റെ മുഖ്യമന്ത്രി

ചട്ടം 300 പ്രകാരം അവതരിപ്പിച്ച പ്രസ്താവനയാണ് ഈ ഗവൺമെന്റിന്റെ പ്രയോരിറ്റി. നിങ്ങൾ ഒരു കാര്യം ഓർക്കണം, പ്രതിപക്ഷം പറയുന്നതുപോലെയല്ല, സർക്കാരിന്റെ മുൻഗണന പാവപ്പെട്ടവരോടാണ്. ഇവിടെ വീടില്ലാത്ത പട്ടിണിപ്പാവങ്ങൾക്ക് വീട് വച്ചുകൊടുക്കാനായി "ലൈഫ് പദ്ധതി" കൊണ്ടുവന്നപ്പോൾ നിങ്ങൾ പറഞ്ഞത് "ലൈഫ് പദ്ധതി' ഞങ്ങൾ നിർത്തലാക്കുമെന്നാണ്. നമുക്കറിയാം നെൽകൃഷി, റബ്ബർ കൃഷി ഉൾപ്പെടെയുള്ള എല്ലാത്തരം കൃഷിക്കാർക്കും ഈ ഗവൺമെന്റ് ചെയ്തുകൊടുക്കുന്ന കാര്യങ്ങൾ നമുക്കറിയാം. പാവങ്ങൾക്കുവേണ്ടി സൗജന്യ ചികിത്സ നടത്താനുള്ള സഹായം ചെയ്യുന്നു, അതുപോലെതന്നെ പാവപ്പെട്ട കുഞ്ഞുങ്ങളുടെ പഠനത്തിനായും കാര്യങ്ങൾ ചെയ്തുകൊടുക്കുന്നു. പ്ലസ്ടു സീറ്റുകൾ കുറവുള്ള മലപ്പുറത്തും അതുപോലുള്ള മറ്റ് ജില്ലകളിലും സീറ്റ് വർധിപ്പിക്കാനുള്ള തീരുമാനം ചട്ടപ്രകാരം ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. ഇവിടെ ഭരണപക്ഷം മാത്രമല്ല, ഭരണ-പ്രതിപക്ഷങ്ങൾ ഒരുപോലെ കേരളത്തിന്റെ വികസനമാണ് ആഗ്രഹിക്കുന്നത്. ഇവിടെ പ്രതിപക്ഷത്തോട് ഒരു കാര്യം എനിക്ക് പറയാനുണ്ട്, നല്ല മഴക്കാലം വരുമ്പോൾ മണ്ണിര തടിച്ചുകൊഴുക്കും, അങ്ങനെ വരുമ്പോൾ മണ്ണിരയ്ക്ക് ഒരു

അഹങ്കാരം ഉണ്ടാകും, പാമ്പിന്റെ കൂട്ടിൽ ചെന്ന് പെണ്ണ് ചോദിച്ചാലോ എന്ന രീതിയിലായിരിക്കും അഹങ്കാരം. ആ ഒരു മനോഭാവമാണ് ഇപ്പോഴത്തെ പ്രതിപക്ഷത്തിനുള്ളത്, അത് നിങ്ങൾ മാറ്റണം. ആ മനോഭാവം നിങ്ങൾക്ക് ഗുണം ചെയ്യില്ല. കേരളത്തിലെ പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുന്ന, ഇവിടുത്തെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരിനെ എല്ലാ രീതിയിലും പുറകോട്ടടിച്ച് കാണിക്കാനുള്ള ശ്രമങ്ങൾ നിങ്ങൾ നടത്തുമ്പോഴും ഏത് ഉപരോധത്തെയും ഞങ്ങൾ മറികടക്കും. അത് എങ്ങനെയാണെന്നോ, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർധിപ്പിച്ചുകൊണ്ടും മറ്റ് പ്രവർത്തനങ്ങൾ നടത്തിയും സംസ്ഥാന ആഭ്യന്തര വരുമാനം വർധിപ്പിച്ചുകൊണ്ട് ഈ സാമ്പത്തിക ഉപരോധത്തെ മറികടക്കാനുള്ള ശക്തി സംസ്ഥാനത്തിനുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തെളിയിച്ചിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലുകളെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ ഈ ബില്ലുകളെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക്

പലവിധത്തിലുള്ള പരിമിതികൾ അടിച്ചേൽപ്പിക്കുന്ന നയമാണ് കേന്ദ്രം ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ ഫെഡറൽ സംവിധാനം ആകമാനം താറുമാറാകുന്ന രൂപത്തിലുള്ള നടപടികളിലേയ്ക്ക് കേന്ദ്രഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ അഭിമാനമായിരുന്ന ഫിസ്കൽ ഫെഡറലിസം (Fiscal Federalism), അതായത്, സംസ്ഥാനങ്ങൾക്ക് തനത് വരുമാനം ഉണ്ടാക്കി കാര്യങ്ങൾ നടത്താനുള്ള ശേഷിനൽകുന്ന സംവിധാനം ആകെ തകരുകയാണ്. പൂർണ്ണമായും കേന്ദ്രത്തെ ആശ്രയിച്ച് നിൽക്കുന്ന ഒരു സംവിധാനത്തിലേയ്ക്ക് ഇന്ത്യയുടെ ധനകാര്യസ്ഥിതി മാറിക്കൊണ്ടിരിക്കുന്നു എന്ന ഒരു അപകടകരമായ സൂചന നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഈ സ്ഥിതിവിശേഷത്തെ മറികടക്കുന്നതിനുള്ള ഒരു വലിയ പ്രയത്നം നമുക്ക് ആവശ്യമാണ്. അക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തുനിന്നും വിജയിച്ചുപോയ എംപി.മാരും നമ്മുടെ പ്രതിപക്ഷവും ജനങ്ങളും ഒരുമിച്ചുനിന്ന് പോരാടണം, ഒരു ഫിസ്കൽ ഫെഡറിലസത്തിലേയ്ക്ക് നമ്മുടെ നാടിനെ തിരികെ കൊണ്ടുവരാൻ കഴിഞ്ഞെങ്കിൽ മാത്രമേ നമ്മൾ ആഗ്രഹിക്കുന്ന രൂപത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ കഴിയുകയുള്ളൂ. ഒരു പോയിന്റ്കൂടി പറഞ്ഞുകൊണ്ട്

അവസാനിപ്പിക്കാം, നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കുന്ന പല നിയമങ്ങളും വളരെ പുരോഗമനപരമായ നിയമങ്ങളാണ്. എന്നാൽ അതിന്റെ സ്പിരിറ്റിൽ നടപ്പാക്കുന്ന കാര്യത്തിൽ പലപ്പോഴും പൂർണ്ണവിജയം കൈവരിക്കാൻ കഴിയുന്നില്ലെന്ന ഒരു ദുഃഖസത്യം ഞാൻ പങ്കുവയ്ക്കുകയാണ്. ഞാൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പൈലറ്റ് ചെയ്ത നിയമമാണ് "റോഡ് സേഫ്റ്റി അതോറിറ്റി"നിയമം. ഇതിനായി വലിയ ഒരു തുക One Time Cess ആയി കളക്റ്റ്ചെയ്തിരുന്നു, അത് ഖജനാവിലേയ്ക്ക് പോകുന്നതല്ലാതെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്നില്ല. ഞാൻ രാവിലെ ചോദ്യോത്തരവേളയിൽ പരാമർശിച്ച സേവനാവകാശ നിയമവും അതുപോലെതന്നെയാണ്. പൗരന്മാർക്കുള്ള സേവനങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കാനുള്ള ആ നിയമവും ഫലപ്രദമായി നമുക്ക് നടപ്പിലാക്കാൻ സാധിക്കുന്നില്ല. നമ്മൾ പാസാക്കിയ The Kerala Public Health Act, 2023, ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള നടപടികൾ ഫലപ്രദമാക്കാൻ നമുക്ക് സാധിക്കുന്നില്ല. കഴിഞ്ഞ നിയമസഭയുടെ കാലത്ത് പാസ്സാക്കിയ 'കർഷക ക്ഷേമനിധി നിയമത്തിൽ' ലാഭത്തിന്റെ അവകാശം കർഷനുള്ളതാണ്,

അതായത് വൻകിട കച്ചവടക്കാർ ഈ മേഖലയിൽനിന്നും ഉണ്ടാക്കുന്ന ലാഭത്തിന്റെ വിഹിതം കർഷകർക്ക് ലഭിക്കേണ്ടതാണെന്ന് അതിൽ പറഞ്ഞിരുന്നെങ്കിലും അതും പ്രാവർത്തികമാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. പുരോഗനപരമായ നിയമങ്ങൾ നമ്മൾ പാസ്സാക്കുന്നത് ഫലപ്രദമായി നടപ്പിലാക്കാനുള്ള ഇടപെടൽകൂടി ഉണ്ടാകണമെന്ന അഭ്യർഥന വച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ എട്ടുവർഷമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ തുടരുകയാണ്. ഈ ഗവൺമെന്റിന്റെ ധനവിനിയോഗം ഈ സഭ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഗവൺമെന്റിന്റെ മുൻഗണനയെ സംബന്ധിച്ച് ഈ സഭയിൽ വിവാദങ്ങളുണ്ടായിട്ടുണ്ട്. മുൻഗണനയെ സംബന്ധിച്ച് ചില ഇടതുപക്ഷനേതാക്കൾ നടത്തിയ പരാമർശം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു. അതിദാരിദ്ര്യം ഇല്ലാതാക്കലാണ് ഈ ഗവൺമെന്റിന്റെ മുഖ്യലക്ഷ്യമെന്ന്

നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലത്തെ തുടർന്ന് യു.ഡി.എഫ്., പ്രതിപക്ഷം ഇന്ന് തിമിർത്താടുകയാണ്. തെറ്റായ വിശകലനങ്ങളും വസ്തുതാവിരുദ്ധമായ നിലപാടുകളും ഒരു തത്വദീക്ഷയുമില്ലാത്ത നിലയിൽ പ്രചരിപ്പിക്കുകയാണ്. ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി തോറ്റുവെന്നതും യു.ഡി.എഫ്. ജയിച്ചുവെന്നതും യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തെ നിങ്ങൾ എങ്ങനെയാണ് സമീപിക്കുന്നത്? സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെയും നേതാവാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ആ നേതൃത്വത്തെ ഒറ്റപ്പെടുത്തി ആക്രമിച്ച് തകർക്കാമെന്നാണ് യു.ഡി.എഫ്. കരുതുന്നത്. ഈ ലക്ഷ്യം മുൻനിർത്തി കള്ളക്കഥകളും നുണപ്രചരണങ്ങളും സംഘടിതമായി പ്രചരിപ്പിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ പ്രതിപക്ഷത്തിന്റെ ഈ ഹീനമായ കൃത്യം അനുവദിക്കില്ല. രാജ്യം നേരിടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് വ്യത്യസ്തമായ ശബ്ദം ഈ സഭയിൽ കേൾക്കാനിടയായി. ആർ.എസ്.എസ്., സംഘ്പരിവാർ ശക്തികൾ നയിക്കുന്ന ബി.ജെ.പി.-യുടെ അപകടകരമായ നിലപാട് തുറന്ന് കാണിച്ച് മുൻപ്രതിപക്ഷ

നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച ബി.ജെ.പി.-ക്കെതിരെ യോജിപ്പിന്റെ നിലപാടുമായി സഹകരിക്കാൻ പ്രതിപക്ഷത്തിന് കഴിയുമോ? പ്രത്യേകിച്ചും പ്രതിപക്ഷനേതാവിന് അത്തരമൊരു നിലപാട് സ്വീകരിക്കാൻ കഴിയുമോ? വ്യത്യസ്ത ശൈലിയിലുള്ള പ്രതിപക്ഷനേതാവിന്റെ സമീപനം പ്രസംഗത്തിലും ശരീരഭാഷയിലും ഈ സഭയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം സഭയിൽ പ്രസ്താവന നടത്തുമ്പോൾ പ്രതിപക്ഷനേതാവിന്റെ അംഗവിക്ഷേപം നാം ശ്രദ്ധിക്കുകയുണ്ടായി. ആർക്കും ഒരു വിവരവുമില്ലെന്ന ധാരണയാണ് അദ്ദേഹം പ്രകടിപ്പിക്കുന്നത്. ഈ ധാരണയെ സംബന്ധിച്ച് എന്ത് നിലപാടാണുള്ളത്? ഇക്കാര്യങ്ങളെല്ലാം നാം ശ്രദ്ധിക്കേണ്ടതാണ്. കേരളത്തിലെ കോൺഗ്രസിന്റെ നേതൃത്വം കൂടോത്രത്തിൽ അഭിരമിച്ചു നിൽക്കുകയാണ്. കേരളത്തിലെ കോൺഗ്രസ് നേതൃത്വം ഇപ്പോൾ ഏതുകാലത്താണ് ജീവിക്കുന്നത്? അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പൊരുതി വിജയം നേടിയ ഒരു ജനതയുടെ പാരമ്പര്യമാണ് കേരളത്തിനുള്ളത്. ജനങ്ങൾ നേടിയ വിജയത്തിന്റെയും സംസ്കാരത്തിന്റെയും നിഷേധമാണ് കേരളത്തിലെ ഇന്നത്തെ

കോൺഗ്രസ് നേതൃത്വം. അത്തരമൊരു നേതൃത്വത്തിനുകീഴിൽ പ്രവർത്തിക്കുന്ന പ്രതിപക്ഷനേതാവിൽനിന്നും ഇതിൽപ്പരം പ്രതീക്ഷിക്കാൻ കഴിയില്ല. പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ഇവിടെ ഉന്നയിച്ച അഴിമതി ആരോപണങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ? ഏതെങ്കിലുമൊരു കേസ് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? എല്ലാ ആരോപണങ്ങളും അടിസ്ഥാനരഹിതമായിട്ടാണ് ഈ നാടിന് അനുഭവപ്പെട്ടിട്ടുള്ളത്. മാധ്യമങ്ങളെ കൂട്ടുപിടിച്ച് ജനങ്ങളെ വഞ്ചിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അത് ജനങ്ങൾ നേരിടുകതന്നെ ചെയ്യും. പൂർവ്വാധികം ശക്തിയോടെ ഞങ്ങൾ തിരിച്ചുവരും. ജനങ്ങളിൽനിന്നും പാഠം പഠിച്ച് അവരുടെ അനുഭവങ്ങളിലൂടെ മുന്നോട്ടുപോകാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയും സി.പി.ഐ.(എം)-ഉം പരിപാടികൾ ആവിഷ്കരിച്ചുവരുന്നത്. സർക്കാരിന്റെ മുൻഗണന കേരളത്തിലെ സാധാരണ ജനങ്ങൾ തന്നെയാണ്.

2020-21-ൽ 31,068 കോടി രൂപയായിരുന്ന കേന്ദ്ര സർക്കാർ ഗ്രാന്റുകൾ 12,068 കോടി രൂപയായി കുറഞ്ഞു. മൂന്ന് വർഷക്കാലയളവിൽ 19,000 കോടി രൂപയുടെ കുറവാണ് കേന്ദ്ര ഗ്രാന്റിനത്തിലുണ്ടായിരിക്കുന്നത്. ഈ വർഷം

കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന തുകകളിലും വായ്പാനുപാതത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് 57,400 കോടി രൂപയാണ് കുറവ് വന്നിട്ടുള്ളത്. ഇത്തരം ഹീനമായ നീക്കങ്ങളെ നേരിട്ടുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 62 ലക്ഷം പേർക്കാണ് 1600 രൂപ തോതിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്. ഇപ്പോൾ നൽകിവരുന്ന തുക എല്ലാമാസവും തുടരും. കുടിശ്ശിക പെൻഷൻ 2024-25 സാമ്പത്തികവർഷത്തിൽ രണ്ട് ഗഡുക്കളായി നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖാദി തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, അങ്കണവാടി ജീവനക്കാർക്കുള്ള ക്ഷേമകുടിശ്ശിക, ആരോഗ്യ മേഖലയിലുള്ള കുടിശ്ശിക, സപ്ലൈകോ കുടിശ്ശിക, കരാറുകാർക്കുള്ള തുക, സ്കോളർഷിപ്പ്, മറ്റു വിവിധ മേഖലകളിലെ ധനസഹായങ്ങൾ, പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.എ./ഡി.ആർ. ശമ്പള പരിഷ്കരണ കുടിശ്ശിക ഇവയെല്ലാം പൂർത്തീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ലൈഫ് പദ്ധതിയിലൂടെ 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാവശ്യമായ തുക

അനുവദിക്കാനും വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ഗവൺമെന്റ് തീരുമാനിച്ചു. ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി 1000 കോടി രൂപ ബജറ്റിൽ നേരത്തെതന്നെ വകയിരുത്തിയിട്ടുണ്ട്. കുടിവെള്ള വിതരണ പദ്ധതിയും സമയബന്ധിതമായി നടപ്പിലാക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2020 ഒക്ടോബർ മുതൽ ഇതുവരെ മൂന്നര വർഷത്തിനുള്ളിൽ 19.86 ലക്ഷം കണക്ഷൻ അധികമായി നൽകിയിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ ഇപ്പോൾ 37.47 ലക്ഷം കണക്ഷനുകൾ നിലവിലുണ്ട്. 92 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി. 103 പഞ്ചായത്തുകളിൽകൂടി ഈ പ്രവർത്തനം പൂർത്തീകരിക്കാനുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. ഭൂമിയുടെ തരംമാറ്റൽ, പട്ടയം, കൃഷി തുടങ്ങിയ മേഖലകളിൽ പൂർണ്ണത കൈവരിക്കാൻ കൃഷി വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ സാമൂഹ്യജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടൊരു വിഭാഗമാണ്

ചുമട്ടുതൊഴിലാളികൾ. ഇപ്പോൾ നടപ്പിലാക്കുന്ന നിയമത്തിന്റെ ചില പഴുതുകൾ ഉപയോഗിച്ച് ഉടമകൾ കോടതിയിൽ പോകുകയും തൊഴിലാളികളുടെ ജോലി നിഷേധിക്കുകയും ചെയ്യുന്ന പ്രവണതകൾ കൂടുതൽ ശക്തിപ്പെട്ടുവരികയാണ്. ചുമട്ടുമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും പരമ്പരാഗതമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കും തൊഴിൽ സംരക്ഷണം ഉറപ്പാക്കാണമെങ്കിൽ നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തണം. കോടതിയുടെ ഇടപെടലിനെ തടയത്തക്ക വിധത്തിലുള്ള സമീപനം ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്. അതിനാൽ ചുമട്ടുതൊഴിലാളി നിയമത്തിനകത്ത് കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നിലപാടും ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട പരമ്പരാഗത മേഖലയാണ് കള്ളുവ്യവസായ തൊഴിലാളികൾ. ഇവരുടെ തൊഴിൽ മേഖല കടുത്ത ഭീഷണി നേരിടുകയാണ്. ഈ പ്രശ്നത്തിന് പരിഹാരമെന്ന നിലയിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് Toddy Board രൂപീകരിക്കുന്നതിന് തീരുമാനമെടുത്തത്. ടോഡി ബോർഡ്

രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ടോഡി ബോർഡ് രൂപീകരണത്തിൽ മുന്നോട്ടുവച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. അതിനാവശ്യമായ ഫണ്ട് നൽകേണ്ടതുണ്ട്. കള്ളുഷാപ്പുകൾ വഴിയും ചെത്തുന്ന തെങ്ങുവൃക്ഷങ്ങൾ വഴിയും സമാഹരിക്കപ്പെട്ടിട്ടുള്ള തുക ബോർഡിന്റെ പ്രവർത്തനത്തിന് നൽകുന്നതിനുള്ള നിലപാടും ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. നികുതി നികുതിയേതര വരുമാനം വർധിപ്പിക്കാനുള്ള സർക്കാർ നിലപാട് അഭിനന്ദനാർഹമാണ്. കേന്ദ്ര ഗവൺമെന്റ് ഏതുതരത്തിലുള്ള പ്രതിരോധ നടപടികളും പ്രതികാരനീക്കങ്ങളും നടത്തിയാലും വികസനക്ഷേമ നടപടികളിൽനിന്ന് സർക്കാർ പിന്നോട്ടുപോകില്ലെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചത് ഏറെ അഭിമാനത്തോടെയാണ് കേരളം ഏറ്റെടുക്കുന്നത്. ഞങ്ങൾ ജനങ്ങളുമായുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുത്തി മുന്നോട്ടുപോകുകതന്നെ ചെയ്യുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ ലീഗിന്റെ ബഹുമാനപ്പെട്ടൊരംഗം ഇവിടെ

സംസാരിച്ച സന്ദർഭത്തിൽ കേരളത്തിലെ പാർലമെന്റ് അംഗങ്ങളുടെ ചുമതലയെ സംബന്ധിച്ച് പറയുകയുണ്ടായി. തുടർന്നും പാർലമെന്റ് അംഗങ്ങളുടെ എല്ലാ സഹകരണവുമുണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ 5 വർഷക്കാലത്തെ അനുഭവങ്ങൾ പരിശോധിച്ചാൽ കേരളത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനോ, പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനോ കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടുപോയ യു.ഡി.എഫ്. എം.പി.-മാർ തികച്ചും നിസ്സഹകരണമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഭാവിയിൽ അത് തിരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറയുന്നുണ്ടെങ്കിൽ, അത് സ്വാഗതാർഹമാണ്. എല്ലാ എം.പി.-മാരെയും യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നിലപാടുകൾ തന്നെയാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. അത് തുടർന്നും നടത്തുന്നതിനാവശ്യമായ നിലപാടുമായി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ തർക്കമില്ല.

കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനാണ് ഈ ഗവൺമെന്റ് മുൻഗണന നൽകുന്നത്. ചില പ്രത്യേക മേഖലകൾക്ക് മുൻഗണന നൽകി അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഈ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവർക്കാണ് ഈ സർക്കാർ മുഖ്യമായ മുൻഗണന നൽകിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി പരിഹരിക്കപ്പെടാൻ കഴിയാതിരുന്ന അത്തരം ചില പ്രശ്നങ്ങൾക്ക് മുൻഗണന നൽകി കേരളത്തിന്റെ വരുമാനം വർദ്ധിപ്പിച്ചും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയും ആവശ്യമായ ധനം നേടിയെടുത്ത് പ്രശ്നം പരിഹരിക്കാനാവശ്യമായ നിലപാടുകളാണ് ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. ഇവിടെ ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിലൂടെ ഇത് പ്രാവർത്തികമാക്കുന്നതിനുള്ള ഉറപ്പാണ് നൽകിയിരിക്കുന്നത്. ആ ഉറപ്പിന്റെ കാര്യത്തിൽ ആർക്കും യാതൊരു സംശയവും ഉണ്ടാകേണ്ടതില്ല. അത് പരിഹരിക്കത്തക്ക നിലയിലുള്ള

പ്രായോഗിക നടപടികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് വകതിരിവോടുകൂടി ജനങ്ങളുടെ പ്രശ്നങ്ങളെ സമീപിച്ച് മുന്നോട്ടു പോകാൻ കഴിയണം. കേരളം നേരിടുന്ന ഏറ്റവും മുഖ്യമായ വിപത്തായി ആർ.എസ്.എസ്.- സംഘ്പരിവാർ ശക്തികളുടെ നീക്കത്തെ കാണാൻ നമുക്ക് കഴിയുന്നുണ്ട്. ഭാവിയിൽ വരുന്ന രാഷ്ട്രീയ നിലപാടുകൾ ഈ പ്രശ്നം ഗൗരവമായെടുക്കാൻ സഹായകരമാകുമോ; ഇവിടെ സഹകരിച്ച് നിൽക്കേണ്ട വിഭാഗങ്ങൾ എങ്ങനെയാണ് ഭിന്നിച്ചുപോകുന്നത്? കേരളത്തിന് സഹായങ്ങൾ ലഭിക്കുന്നതിനെതിരായി നിൽക്കുന്ന ശക്തികളെല്ലാം ഒന്നിച്ചുനിൽക്കുകയാണ്. ഇക്കാര്യത്തിൽ യു.ഡി.എഫ്. വഹിച്ച പങ്ക് എന്താണെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ? യു.ഡി.എഫ്. വഹിച്ച പങ്കല്ലേ യഥാർത്ഥത്തിൽ ഭിന്നത രൂക്ഷമാക്കിയിട്ടുള്ളത്. കേരളത്തിലെ എല്ലാ നല്ല കാര്യങ്ങൾക്കുമെതിരായ സമീപനം യു.ഡി.എഫ്. സ്വീകരിച്ചപ്പോൾ യോജിപ്പിന്റെ മേഖല കൂടുതൽ അകന്നകന്ന് പോകുകയാണ്. ഈ

സമീപനത്തിൽ മാറ്റം വരുത്തുമോ? എല്ലാവരും യോജിച്ചുനിൽക്കേണ്ടൊരു സന്ദർഭത്തിൽ യോജിച്ചുനിൽക്കുകതന്നെ ചെയ്യണം. എങ്കിൽ മാത്രമേ മുഖ്യമായ വിപത്തിനെ നേരിട്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. മുൻ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച ദിശയിലൂടെയുള്ള സമീപനത്തിന് ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല, അത് മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയണം. ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിക്കുന്ന നിലപാട് ഇതിൽനിന്നും വ്യത്യസ്തമാണെന്നുള്ളതാണ് ഈ സഭയുടെയും കേരളത്തിന്റെയും അനുഭവം. അദ്ദേഹത്തിന്റെ നിലപാടിനെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആ സമീപനത്തിലാണ് മാറ്റം വരുത്തേണ്ടത്. നാടിന്റെ പൊതുവായ സംരക്ഷണത്തിനും നേട്ടത്തിനുംവേണ്ടി നമുക്കൊന്നിച്ച് പ്രവർത്തിച്ച് മുമ്പോട്ടുപോകാൻ കഴിയണം. അതിന് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എല്ലാവരുടെയും സഹകരണത്തിനുവേണ്ടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിന് ഒരിക്കൽക്കൂടി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ചെയർപേഴ്സൺ: സമയത്തിനകം പ്രസംഗം പൂർത്തീകരിച്ചതിന് നന്ദി.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാന്യനായ പേരാമ്പ്ര അംഗത്തിന്റെ പ്രസംഗത്തിൽ പ്രതിപക്ഷനേതാവിന്റെ പ്രവർത്തനം തീരെ ഇഷ്ടപ്പെടാത്ത രീതിയിലുള്ള സംസാരമാണുണ്ടായത്. ഭരണകക്ഷി നടത്തുന്ന തെറ്റായ സമീപനങ്ങളെ നിയമസഭയ്ക്കകത്തും പുറത്തും തുറന്നുകാട്ടുകയെന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ദൗത്യം. ആ ഉത്തരവാദിത്വം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൃത്യമായി ചെയ്യുന്നുവെന്നതാണ് ഭരണകക്ഷിയംഗങ്ങളെ അലോസരപ്പെടുത്തുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾ കൃത്യമായും സത്യസന്ധമായും കാര്യങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ പ്രതിപക്ഷനേതാവിന്റെ പണി കുറഞ്ഞുകിട്ടുമെന്ന കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മലയാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായൊരു ഒരു ദിനമാണ് ഇന്ന്. കാരണം, 2015-ൽ ആരംഭിച്ച വിഴിഞ്ഞം തുറമുഖം, ഇന്ന് രാവിലെ 9.00 മണിക്ക് 'സാൻ ഫെർണാണ്ടോ' എന്ന കപ്പൽ വിഴിഞ്ഞം

തുറമുഖത്ത് നങ്കൂരമിട്ടിറങ്ങുന്ന സന്തോഷകരമായ പരിപാടിയിൽ പങ്കെടുത്തശേഷമാണ് എന്റെ സ്നേഹിതൻ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ഇവിടെ എത്തിയിരിക്കുന്നത്. ആ സന്തോഷം മലയാളികളെ സംബന്ധിച്ച് ഏറ്റവും ആനന്ദകരമായ വസ്തുതയാണ്. ഇതുപറയുമ്പോൾ ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഏഴായിരം കോടി രൂപയുടെ പ്രോജക്ടുമായി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മുന്നോട്ടുപോയപ്പോൾ അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി ആറായിരം കോടി രൂപയുടെ അഴിമതിയാരോപണം ഉന്നയിക്കുന്നൊരു സാഹചര്യമാണുണ്ടായിരുന്നത്. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആ ആരോപണത്തിന് മുന്നിൽ പകച്ചുനിൽക്കുന്നിരുന്നുവെങ്കിൽ ഇന്ന് ഈ കപ്പൽ വിഴിഞ്ഞം തുറമുഖത്തടുക്കുന്ന സാഹചര്യമുണ്ടാകുമായിരുന്നില്ല. കൂടാതെ ഈ ഗവൺമെന്റ് 2016-ൽ അധികാരത്തിൽ വന്നശേഷം ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ എന്ന ജുഡീഷ്യൽ കമ്മീഷനെ വച്ച് അഴിമതി ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചു. ആ കമ്മീഷൻ നടത്തിയ അന്വേഷണത്തിന്റെ ഫലമെന്താണെന്ന് ജനങ്ങൾ അറിയണ്ടേ?

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോയത്. വിഴിഞ്ഞം തുറമുഖത്തിന്റെ ഈ സന്തോഷത്തിൽ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേര് പരാമർശിക്കാതെ പോകുന്നത് ശരിയല്ല. അതോടൊപ്പം അന്നത്തെ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബു നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഈയവസരത്തിൽ ഞാൻ സ്മരിക്കുകയാണ്.

ഈ ധനവിനിയോഗബില്ലിനെ എതിർക്കാനുള്ള പ്രധാന കാരണം, പിണറായി സർക്കാരിന്റെ എട്ട് വർഷക്കാലത്തെ ഭരണം പൂർത്തിയാക്കുന്ന ഈ സാഹചര്യത്തിൽ സാമ്പത്തികമായി മുടിഞ്ഞ തറവാടിന്റെ ലക്ഷണമൊത്തൊരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. എല്ലാ രംഗത്തും മുരടിപ്പാണ്. ഇന്നലെ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തുകയുണ്ടായി. കഴിഞ്ഞ കാലങ്ങളിൽ പ്രതിപക്ഷം പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും അടിവരയിട്ട് അദ്ദേഹം സമ്മതിക്കുകയാണ്. പിന്നെയെന്തിനാണ് നിങ്ങൾ പ്രതിപക്ഷനേതാവിനെ കുറ്റപ്പെടുത്തുന്നത്. പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും ഈ സഭയിൽ പറഞ്ഞ എല്ലാ

കാര്യങ്ങൾക്കും ചട്ടം 300 അനുസരിച്ച് ഇന്നലെ നടത്തിയ പ്രസ്താവനയിലൂടെ പ്രയോറിറ്റി നൽകാൻ ഈ സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. ഇവിടെ സാമൂഹ്യക്ഷേമ പെൻഷൻ കിട്ടുന്നില്ലെന്നും സപ്ലൈകോയിൽ അവശ്യസാധനങ്ങൾ ലഭിക്കുന്നില്ലെന്നും എത്രയോ നാളുകളായി ഞങ്ങൾ പറയുന്നു. അതുപോലെ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ പാവപ്പെട്ട രോഗികൾക്ക് ആശുപത്രിയിൽ പണം കൊടുക്കാതെ ചികിത്സ ലഭിക്കുന്നതിനായി ആരംഭിച്ച കാരുണ്യ ബെനവലന്റ് സ്കീം കഴിഞ്ഞ ജൂൺ 30 മുതൽ നിർത്തി വച്ചിരിക്കുകയാണ്. 1050 കോടി രൂപയാണ് ആശുപത്രികൾക്ക് കൊടുക്കാനുള്ളത്. ഇത് ഞങ്ങൾ പറഞ്ഞില്ലേ? കിഫ്ബി പ്രവർത്തനങ്ങൾ ഇന്ന് സ്വാഭാവിക മരണത്തിലേയ്ക്ക് കലാശിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ പദ്ധതികൾ എടുക്കുന്നില്ലെന്ന് മാത്രമല്ല, നിലവിൽ എ.എസ്. കിട്ടിയ പദ്ധതികൾപോലും തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. ക്ഷേമപെൻഷൻ, കെട്ടിടനിർമ്മാണ തൊഴിലാളികളുടെ പെൻഷൻ എന്നിവ കഴിഞ്ഞ 15 മാസമായി ലഭിക്കുന്നില്ല. ചുട്ടുപൊള്ളുന്ന വെയിലത്തും മഴയത്തും പണിയെടുത്ത്

60 വയസ്സ് കഴിയുമ്പോൾ മരുന്ന് വാങ്ങാൻ പണം കിട്ടുമെന്ന പ്രതീക്ഷയിൽ അംശദായമടച്ച കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് കഴിഞ്ഞ 15 മാസക്കാലമായി പെൻഷനില്ല. ടി തുക ഗവൺമെന്റ് എപ്പോൾ കൊടുക്കുമെന്നതിനെക്കുറിച്ച് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ യാതൊന്നും പറയുന്നില്ല. പണം കൊടുക്കുമെന്ന് മാത്രമേ പറയുന്നുള്ളൂ. എപ്പോൾ കൊടുക്കുമെന്ന് പറയാൻ സർക്കാരിന് കഴിയുന്നില്ല. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയെപ്പറ്റി യാതൊന്നും പറയുന്നില്ല. സ്കോളർഷിപ്പ് വിതരണവും നിലച്ചിരിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികളടക്കമുള്ളവരുടെ പഠനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത രീതിയിൽ അവർക്കുള്ള സ്കോളർഷിപ്പ് വിതരണം നിലച്ചിരിക്കുന്നു. ലൈഫ് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതുപോലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെയും ഡി.എ.-യും സംബന്ധിച്ചും ഒരു തീരുമാനവുമുണ്ടാകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ കഴുത്ത് ഞെരിക്കുന്ന നടപടിയുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ജീവിക്കാൻ ദുഃസ്സഹമായ

സാഹചര്യമാണ് ഇന്നുള്ളത്. നെൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന് പണം കൊടുക്കാൻ കഴിയുന്നില്ല. റബ്ബറിന് 250 രൂപ താങ്ങുവില പ്രഖ്യാപിക്കുമെന്ന് പറഞ്ഞിട്ട് അത് കൊടുക്കാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് ക്ഷേമപെൻഷൻ 2500 രൂപ ആക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞിട്ട്, യഥാർത്ഥത്തിൽ കൊടുത്തുകൊണ്ടിരുന്ന തുകപോലും കൊടുക്കുന്നില്ല. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 18 മാസക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നുവെന്നാണ് മുഖ്യമന്ത്രിയുടെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ പറയുന്നത്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്ന സന്ദർഭത്തിൽ ഗവൺമെന്റ് ഇറക്കിയ ധവളപത്രത്തെക്കുറിച്ച് പലതവണ സഭ ചർച്ച ചെയ്തതാണ്. ആ ധവളപത്രത്തിൽ കൊടുത്തുതീർക്കേണ്ട ബാധ്യതകളെ സംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. 806 കോടി രൂപയാണ് ബാധ്യതയായി പറയുന്നത്. അതിൽത്തന്നെ മൂന്ന് മാസത്തെ ക്ഷേമപെൻഷനുകൾ കുടിശ്ശികയുണ്ടായിരുന്നുവെന്നാണ് ടി ധവള പത്രത്തിൽ പറയുന്നത്. മൂന്ന് മാസത്തെ കുടിശ്ശികയെന്നുപറഞ്ഞാൽ 2014 നവംബർ, ഡിസംബർ, 2015 ജനുവരി അങ്ങനെ മൂന്നുമാസമാണ്. ഇതുതന്നെയാണ് 2017-

ൽ ശ്രീ. എം. സ്വരാജ് ഉന്നയിച്ചൊരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്. യഥാർത്ഥ വസ്തുതകളെ വളച്ചൊടിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയെ യാതൊരു കാരണ വശാലും ന്യായീകരിക്കാൻ കഴിയില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. കിഫ്ബി പദ്ധതികളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. കൊച്ചി നഗരത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കനാൽ റിജുവനേഷൻ പദ്ധതി. കാരണം എകദേശം 1550 കോടി രൂപയുടെ എ.എസ്. കിട്ടിയ പദ്ധതിയാണത്. 7 കനാലുകളെ പുനർജീവിപ്പിക്കുകയെന്ന പദ്ധതിയാണ്. ആ പദ്ധതിയുടെ പ്രവർത്തനം ഒരു രീതിയിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. നഗരത്തിൽ വെള്ളക്കെട്ട് മാറ്റുകയെന്ന ഈ സുപ്രധാന പദ്ധതി (പുതിയ പദ്ധതിയല്ല, എ.എസ്. കിട്ടിയ പദ്ധതിയാണ്.)നടപ്പാക്കാനുള്ള നിലപാട് സർക്കാരിനുണ്ടാകണം. അങ്ങനെ എല്ലാ രീതിയിലും സമസ്ത മേഖലയിലും പരാജയപ്പെട്ടു നിൽക്കുന്ന സാമ്പത്തിക രംഗത്ത് തകർന്ന്

തരിപ്പണമായിരിക്കുന്ന ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-25 സാമ്പത്തികവർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും വിവിധ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലുകളാണ് ഇവിടെ അവതരിപ്പിച്ചത്. ഇതുസംബന്ധിച്ച് നിയമസഭയിൽ മണിക്കൂറുകൾ നീണ്ട ചർച്ച നടന്നതാണ്. ധനാഭ്യർത്ഥന അംഗീകരിച്ചശേഷം നിയമപരമായ പൂർത്തീകരണത്തിനായി ഇന്ന് ബില്ലായി അവതരിപ്പിച്ച് പാസാക്കുന്നുവെന്നേയുള്ളൂ. അത് സ്റ്റാറ്റ്യൂട്ടറിയായി ഒരുമണിക്കൂർ സമയത്തിനുള്ളിലാണ് പൂർത്തീകരിക്കേണ്ടത്. പലകാര്യങ്ങളിലും ഭരണ-പ്രതിപക്ഷാംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസവും മറ്റുമുണ്ടെങ്കിലും വളരെ എഫക്ടീവായ ഒരു സെഷനാണ് ഇവിടെ നടന്നത്. ഏകദേശം ഒരു മാസത്തോളമായി നടക്കുന്ന ഈ സെഷനിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്തു. പ്രതിപക്ഷം ഭരണപക്ഷത്തെ വിമർശിക്കുന്നത് സ്വാഭാവിക നടപടിയാണ്. എങ്കിലും ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ പലതും അംഗീകരിക്കാൻ

പ്രതിപക്ഷവും ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ഉൾക്കൊണ്ട് അവ കറക്ട് ചെയ്യാനുള്ള നിർദ്ദേശങ്ങൾ നൽകാൻ ഭരണപക്ഷവും തയ്യാറായിട്ടുണ്ട്. അക്കാര്യങ്ങളിലൊന്നും തർക്കമില്ല. കേരളത്തിൽ വിദ്യാഭ്യാസ മേഖലയിലും പൊതുമേഖലയിലുമെല്ലാമുള്ള താൽപ്പര്യങ്ങൾ ഗവൺമെന്റ് എങ്ങനെയാണ് നോക്കിക്കാണുന്നതെന്ന് വ്യക്തമാക്കുന്നതാണ് ഇന്ന് അവതരിപ്പിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന അടക്കമുള്ള നടപടിക്രമങ്ങൾ. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി അവതരിപ്പിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ പറഞ്ഞ അത്രയും സീറ്റുകൾ അനുവദിക്കുമെന്ന് പ്രതിപക്ഷനിരപോലും ചിന്തിച്ചിരുന്നില്ലെന്നാണ് ഞാൻ മനസിലാക്കുന്നത്. കാരണം, 160-ഓളം ബാച്ചുകളാണ് പുതുതായി അനുവദിക്കുന്നത്. ഏകദേശം പതിനഞ്ച് കോടി രൂപയുടെ അധിക ബാധ്യതയാണ് ഇതുവഴിയുണ്ടാകുന്നത്. മലപ്പുറം ജില്ലയിൽത്തന്നെ 120 അധിക ബാച്ച് അനുവദിച്ചു. കാസർഗോഡ് ജില്ലയിലും അത്തരത്തിൽ പതിനെട്ട് പുതിയ ബാച്ചുകൾ അനുവദിച്ചു. പൊതുവായ കാര്യങ്ങളിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടാകരുതെന്നതാണ് ഗവൺമെന്റിന്റെ താൽപ്പര്യം. അതുകൊണ്ടാണ് ഞാൻ അക്കാര്യം

ചൂണ്ടിക്കാണിച്ചത്. കേരളത്തിലെ സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളെ എങ്ങനെയാണ് ഈ സർക്കാർ ഗൗരവത്തോടെ നോക്കിക്കാണുന്നതെന്ന് വ്യക്തമാക്കുന്നതായിരുന്നു ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന. കേന്ദ്രം നമ്മുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന അധിക ബാധ്യതകളും സംസ്ഥാനത്തിന് അർഹമായ വിഹിതം നൽകാത്തതിന്റെ ഭാഗമായുള്ള സാമ്പത്തിക പ്രശ്നങ്ങളുമെല്ലാമുണ്ടെങ്കിലും അതെല്ലാം പരിഹരിച്ചുകൊണ്ട്, കൃത്യമായ പ്രയോറിറ്റി (പത്രങ്ങളിൽ വരുന്ന പ്രയോറിറ്റിയല്ല) ഏറ്റവും സാധാരണക്കാർക്ക് നൽകുകയെന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇവിടെ പരാമർശിച്ച അതിദരിദ്രരായ ആളുകളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തമാക്കുക, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, മികച്ച ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചെറുപ്പക്കാർക്ക് നല്ല വിദ്യാഭ്യാസം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ, അവിടെ കൂടുതൽ സീറ്റുകൾ, പുതിയ ഗവേഷണ സ്ഥാപനങ്ങൾ, പുതിയ ഫാക്ടറികൾ, പുതിയ തൊഴിൽ മേഖലകൾ തുടങ്ങി എല്ലാ കാര്യങ്ങളിലും വികസനം കൊണ്ടുവരുന്നതിനുള്ള ആശയങ്ങൾ

അവതരിപ്പിച്ചുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി കൊണ്ടുവന്നിരിക്കുന്ന എല്ലാ നിർദ്ദേശങ്ങളും അത്തരത്തിൽ മാറ്റങ്ങളുണ്ടാക്കുന്നതിനുതകുന്നവയാണ്. കേരളത്തിന് എന്തെല്ലാം നേട്ടങ്ങളുണ്ടായെന്ന് ഇവിടെ ആവർത്തിച്ച് ചർച്ച ചെയ്യുന്നുണ്ടെങ്കിലും എല്ലാവർക്കുമറിയുന്നൊരു കാര്യമുണ്ട്, കേരളത്തിന് ഏറെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ഇന്ന് എല്ലാ മേഖലയിലും കേരളത്തിന് ഇതുപോലുള്ള അംഗീകാരങ്ങൾ കിട്ടുമായിരുന്നില്ല. എന്നാലും, കേരളം ഇനിയും എത്രയോ മുന്നോട്ടുപോകാനുണ്ട്, അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. രാവിലെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഇവിടെ അവതരിപ്പിച്ചതുപോലുള്ള പൊതുവായ കാര്യങ്ങൾ പലപ്പോഴും നാം ചർച്ച ചെയ്തിട്ടുള്ളതാണ്. കേരളത്തിൽനിന്ന് ചെറുപ്പക്കാർ പുറത്തേയ്ക്ക് പോകുന്നുവെന്നുള്ളത് ഒരു പുതിയ കാര്യമായാണിവിടെ പറഞ്ഞത്. വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം അവർ പുറത്തേയ്ക്ക് പോകുന്നു, ഇവിടെ ആവശ്യാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല എന്നീ കാര്യങ്ങൾ  ഇവിടെ പറഞ്ഞു. പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിനുശേഷം ജോലി ലഭിക്കുന്നില്ല, പഠനം

കഴിഞ്ഞാൽ അവിടെ തുടരാൻ കഴിയുന്നില്ല, പലരും വളരെ ചെറിയ ജോലികളാണ് ചെയ്യുന്നത്, അതിനെല്ലാം ശിപാർശ ചെയ്യേണ്ടിവരുന്ന തുടങ്ങിയ കാര്യങ്ങളിലേയ്ക്ക് ആ ചർച്ച വന്നെത്തി. ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകുന്നുവെന്ന കാര്യം ഉന്നയിച്ചുകൊണ്ടല്ല വിദ്യാർഥികൾ വിദേശത്തേയ്ക്ക് പോകുന്നത് എന്നാണത് അർഥമാക്കുന്നത്. എന്നാൽ ആളുകൾ വിദേശത്തേയ്ക്ക് പോകുന്നുണ്ട്, അത് നമുക്ക് തടയാൻ കഴിയില്ല. നൂറോ നൂറ്റമ്പതോ വർഷങ്ങൾക്ക് മുമ്പുതന്നെ ആളുകൾ പുറത്തേയ്ക്ക് പോകുന്നുണ്ട്. കേരളത്തിൽ പോർച്ചുഗീസുകാർ വന്നപ്പോൾ മുതൽ വിദേശ രാജ്യങ്ങളുമായി ബന്ധങ്ങൾ ആരംഭിച്ചതാണ്. ലോകത്ത് കൊച്ചിയുടെ പേരിൽ ഒരു യൂണിവേഴ്സിറ്റിയുണ്ട്, കൊച്ചി യൂണിവേഴ്സിറ്റി. കൊച്ചിയിൽ നിന്നുപോയ ആളുകൾ തുടങ്ങിയതാണെന്നാണ് പറയപ്പെടുന്നത്. പോർച്ചുഗീസുകാർ ആദ്യഘട്ടത്തിൽ കേരളത്തിൽ വന്നപ്പോൾ, സാമൂതിരിയുടെ നാട്ടിലെ പ്രാദേശിക കച്ചവടക്കാർ അവരെ തുരത്തിയോടിക്കുകയും തുടർന്ന് അവർ കൊച്ചിയിൽ വന്ന് അവിടെ കപ്പലിനകത്തുണ്ടായിരുന്ന നായർ പട്ടാളക്കാരുമായി (നായർ പട്ടാളക്കാരെയാണ് അന്ന് നിയോഗിച്ചിരുന്നത്) തിരികെ പോകുകയും

ചെയ്തുവെന്നാണ് പറയുന്നത്. പോർച്ചുഗീസുകാരെ ആക്രമിക്കാനായി കപ്പലുകൾ വരുന്നുവെന്നറിഞ്ഞാണ് അവർ പെട്ടെന്നുതന്നെ പോയത്. അങ്ങനെ പോർച്ചുഗീസുകാരോടൊപ്പം കുറച്ചാളുകൾ പോയതുമുതൽ കേരളത്തിൽനിന്നുള്ളവർ പുറത്തുപോയി സെറ്റിലായ ചരിത്രമുണ്ട്. അത്രയും വലിയ ചരിത്രമുള്ള നാടാണ് നമ്മുടേത്. വിദേശത്തേയ്ക്ക് പ്രവാസികളായി നാം പോകുന്നത് ചരിത്രത്തിൽ എന്നുമുള്ളതുതന്നെയാണ്. ലോകത്തെവിടെ പോയാലും ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ജീവിക്കാൻ മലയാളിക്ക് കഴിയണം. പക്ഷേ, ഇവിടെ പറഞ്ഞ ഗൗരവകരമായ ഒരു പ്രശ്നമുണ്ട്. നമ്മുടെ കുട്ടികൾ പുറത്തേയ്ക്ക് പോകുന്നതെന്തുകൊണ്ടാണ്? ഇതിൽ കുറച്ച് സോഷ്യൽ ഇഷ്യൂസ് ഉണ്ട്. എന്നാൽ അതൊക്കെ ചർച്ച ചെയ്യാനുള്ള സമയമില്ല. അത് വിദ്യാഭ്യാസത്തിന്റെ പ്രശ്നം മാത്രമല്ല. നമ്മുടെ സമൂഹത്തിൽ പോസിറ്റീവായി കാര്യങ്ങൾ കാണുയെന്നത് വളരെ പ്രധാനമാണ്. ഏറ്റവും നല്ല കാർട്ടൂണിസ്റ്റുകളും ഏറ്റവും നന്നായി തമാശ പറയുന്നവരും കേരളത്തിലാണുള്ളത്. അതിനൊരു ഉദാഹരണമാണ് ഈ കഥ. ഒരു എക്സ്പോർട്ടിംഗ് കമ്പനി മറ്റ് സ്ഥലങ്ങളിൽനിന്നുള്ള ഞണ്ടുകളെയും മറ്റും കവർ ചെയ്താണ് കയറ്റി

അയയ്ക്കുന്നത്. എന്നാൽ കേരളത്തിൽനിന്ന് കയറ്റിയയ്ക്കുന്ന ഞണ്ടിനെ നിക്ഷേപിച്ചിരിക്കുന്ന ബക്കറ്റ് കവർ ചെയ്യാറില്ല. അത് കണ്ടപ്പോൾ അവ പുറത്തേയ്ക്ക് പോകില്ലേയെന്ന് ആളുകൾ ചോദിച്ചു, "ഇത് കേരളത്തിൽനിന്നുള്ള ഞണ്ടാണ്, അവ മുകളിലേയ്ക്ക് കയറുമ്പോൾ മറ്റ് ഞണ്ടുകൾ കാലിൽ പിടിച്ച് താഴേയ്ക്കിടും" എന്നാണ് അതിന് എക്സ്പോർട്ടർ മറുപടി പറഞ്ഞത്. ഇത് കേരളത്തെക്കുറിച്ച് പറയുന്ന ഒരു സറ്റെയറാണ്. ഇക്കാര്യം നാം പരസ്പരം ആലോചിക്കണം. കേരളമാകെ നശിച്ചിരിക്കുന്നു, കേരളം മുടിഞ്ഞുപോകുമെന്നും കേരളം ഉടൻ തകരുമെന്നും ശ്രീലങ്കയാകുമെന്നുമൊക്കെയുള്ള പ്രചരണം നടത്തിയാൽ ആരെങ്കിലും കേരളത്തിന് കാശ് നൽകുമോ? കേരളത്തിന്റെ സാമ്പത്തികരംഗമാകെ തകർന്നിരിക്കുന്നു, ട്രഷറിയിൽ പൈസ നിക്ഷേപിക്കരുത്, ബാങ്കിൽനിന്ന് ലോൺ നൽകരുത് എന്നെല്ലാമാണ് ചിലർ പറയുന്നത്. ഇത്തരം പ്രവണത നമ്മുടെ യുവതലമുറ ഇഷ്ടപ്പെടുന്നില്ല. അക്കാര്യം നാം മനസിലാക്കണം. നമ്മുടെ മോറൽ പോലീസിംഗും സോഷ്യൽ പോലീസിംഗും അവർക്ക് താൽപ്പര്യമില്ല. ബാംഗ്ലൂരിലെ ഐ.ടി. സ്ഥാപനങ്ങളിലും മറ്റുമുള്ള സൗകര്യങ്ങൾ ഇവിടത്തെ ഐ.ടി. മേഖലകളിലില്ല.

ബില്ലിലെ 11-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം സ്വകാര്യ സ്രോതസ്സിൽനിന്നും നിലവിൽ രേഖകൾ പുരാരേഖാ വകുപ്പുകൾ സ്വീകരിച്ചുവരുന്നുണ്ട്. ("ചരിത്രപരമായോ ദേശീയപരമായോ പ്രാധാന്യമുള്ള ഏതൊരു രേഖയും ഉപഹാരമായോ വിലയ്ക്കു വാങ്ങിയോ മറ്റു വിധത്തിലോ സ്വകാര്യ സ്രോതസ്സിൽ നിന്നും സംസ്ഥാന പുരാരേഖ വകുപ്പിന് സ്വീകരിക്കാവുന്നതാണ്.") നിലവിൽ രേഖകൾ സൂക്ഷിക്കുന്നതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 1976 ഒക്ടോബർ 11-ാം തീയതിയിലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 157/76/ഉ.വി. ഉത്തരവുപ്രകാരം ഏതെങ്കിലും പബ്ലിക്

ഓഫീസിന്റെയോ പൊതുസംഘടനയുടെയോ വക പൊതുരേഖകളോ സ്വകാര്യ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ കൈവശമുള്ള ചരിത്ര പ്രാധാന്യമുള്ള രേഖകൾ പരസ്പരം അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കാൻ ആർക്കൈവ്സ് ഡയറക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ആയതിന് സമാനമായ വ്യവസ്ഥയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ സഞ്ചിതനിധിയിൽനിന്നും ഈ വകയിൽ അധികചെലവുകളുണ്ടാകുന്നതല്ല. ഭാരതത്തിന്റെ ഭരണഘടനയിലെ 7-ാം പട്ടികയിലെ ലിസ്റ്റ് (II) സംസ്ഥാന ലിസ്റ്റിലെ 12-ാം ഉൾക്കുറിപ്പിൽ ഉൾപ്പെടുന്നതുപ്രകാരം സംസ്ഥാനം നിയന്ത്രിക്കുന്നതോ ചെലവ് വഹിക്കുന്നതോ ആയ ഗ്രന്ഥശാലകളും കാഴ്ചബംഗ്ലാവുകളും അതുപോലെ മറ്റ് സ്ഥാപനങ്ങളും പാർലമെന്റുണ്ടാക്കിയ നിയമപ്രകാരമോ ദേശീയ പ്രാധാന്യമുള്ളവെന്ന് പ്രഖ്യാപിച്ചിട്ടില്ലാത്ത പ്രാചീനവും ചരിത്രബന്ധവുമായ സ്മാരകങ്ങളും രേഖകളും സംബന്ധിച്ച വിഷയത്തിൽ ഉൾപ്പെടുന്നതാണ് ഈ ബിൽ. അപ്രകാരമുള്ള നിയമനിർമ്മാണ അധികാരം സംസ്ഥാന നിയമവകുപ്പിനുണ്ട്. സംസ്ഥാന ലിസ്റ്റിലെ 64-ാം ഉൾക്കുറിപ്പുപ്രകാരം പ്രസ്തുത ലിസ്റ്റിലെ ഏതെങ്കിലും

വിഷയത്തിന്മേലുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനത്തിന് അധികാരമുണ്ട്. എന്നിരുന്നാലും ഈ വിഷയം തുടർചർച്ചയിൽ പരിഗണിക്കാവുന്നതാണ്.

ബില്ലിലെ 14-ാം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന ആർക്കൈവൽ അഡ്വൈസറി ബോർഡിന് പകരമായി നിലവിൽ ഉപദേശക സമിതി പുരാരേഖാവകുപ്പിൽ പ്രവർത്തിച്ചുവരുന്നു. ബിൽ പ്രകാരമുള്ള ബോർഡ് നിലവിൽ വരുന്നതോടെ നിലവിലുള്ള ഉപദേശക സമിതി പിരിച്ചുവിടപ്പെടുകയാണ്. പ്രസ്തുത സമിതിയിലും നിലവിൽ അംഗങ്ങളുള്ളതും അവർക്ക് ആനുകൂല്യം നൽകിവരുന്നതുമാണ്. ആയതിനാൽ ബില്ലിലെ ഖണ്ഡം 14(8) പ്രകാരം ബോർഡിലെ അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് സഞ്ചിതനിധിയിൽനിന്നും അധികം ചെലവുണ്ടാകുന്നതല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ("നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ആനുകൂല്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.") ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഈ തടസ്സവാദങ്ങളിൽ പ്രധാനപ്പെട്ടതാണ്. അതിന്റെ കാര്യങ്ങളാണ് ഞാനിവിടെ അവതരിപ്പിച്ചത്.

ബഹുമാനപ്പെട്ട ശ്രീ. യു. എ. ലത്തീഫ് സൂചിപ്പിച്ച കാര്യങ്ങളാണ് ഇനിയുള്ളത്. ബില്ലിന്റെ 13-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന ആർക്കൈവൽ അഡ്വൈസറി ബോർഡ് സംബന്ധിച്ചുള്ള തടസ്സവാദത്തിനും മേൽ സൂചിപ്പിച്ചത് തന്നെയാണ് വിശദീകരണം. അതുകൊണ്ട് പ്രത്യേകിച്ച് ആ ബോർഡ് നിലവിൽവന്നതോടുകൂടി അധികച്ചെലവ് ഉണ്ടാവുകയില്ലെന്നത് സാർത്ഥകമാക്കുന്നതാണ് അതിന്റെ ആമുഖത്തിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് ഇവിടെയുമുള്ള മറുപടി.

ഭാരതത്തിന്റെ ഭരണഘടനയുടെ 49-ാം അനുച്ഛേദപ്രകാരം പാർലമെന്റ് നിയമപ്രകാരം പ്രഖ്യാപിച്ച സ്മാരകങ്ങൾ, സ്ഥലങ്ങൾ, വസ്തുക്കൾ എന്നിവ സംരക്ഷിക്കുന്നത് രാഷ്ട്രത്തിന്റെ കടമയാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പാർലമെന്റ് പാസ്സാക്കിയ 'The Public records Act 1993' കേന്ദ്രസർക്കാർ, കേന്ദ്രഭരണപ്രദേശങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, കേന്ദ്രസർക്കാരോ കേന്ദ്രഭരണ പ്രദേശങ്ങളോ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോഡീസ്, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, കമ്മിറ്റികൾ എന്നിവയിലെ

പൊതുരേഖകൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. ആയതിൽ സംസ്ഥാനങ്ങളുടെ പൊതുരേഖകളുടെ സംരക്ഷണവും മറ്റും ഉൾപ്പെടുന്നില്ല. സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ രൂപീകരിച്ച കമ്മീഷനുകൾ, കമ്മിറ്റികൾ എന്നിവയിലെ പൊതുരേഖകളുടെ സംരക്ഷണവും പരിപാലനവും നടത്തിപ്പും നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആയതിന്റെ ഖണ്ഡം 2(f)-ൽ പൊതുരേഖകൾ എന്നത് നിർവചിച്ചിട്ടുണ്ട്. ഭാരതത്തിന്റെ ഭരണഘടനയിലെ 7-ാം പട്ടികയിലെ ലിസ്റ്റ് (II) സംസ്ഥാന ലിസ്റ്റിലെ 12-ാം ഉൾക്കുറിപ്പ് പ്രകാരം പാർലമെന്റുണ്ടാക്കിയ നിയമം വഴിയോ നിയമപ്രകാരമോ ദേശീയ പ്രാധാന്യമുള്ളവ എന്ന് പ്രഖ്യാപിച്ചിട്ടില്ലാത്ത പ്രാചീനവും ചരിത്രസംബന്ധവുമായ സ്മാരകങ്ങളും രേഖകളും സംബന്ധിച്ച വിഷയത്തിൽ നിയമനിർമ്മാണം നടത്തേണ്ട അധികാരമാണ് സംസ്ഥാനത്ത് നിക്ഷിപ്തമായിട്ടുള്ളത്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകൾക്ക്

പൊതുരേഖകളുടെ സംരക്ഷണത്തിനായി പ്രത്യേക നിയമം കൊണ്ടുവരാവുന്നതാണ്. ബീഹാർ, കർണ്ണാടക, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങൾ സമാന വ്യവസ്ഥകളടങ്ങിയ ആക്റ്റ് പാസ്സാക്കിയിട്ടുമുണ്ട്. സർക്കാരിന്റെ രേഖകൾ കൈകാര്യം ചെയ്യുന്നതുസംബന്ധിച്ച്, 1976 ഒക്ടോബർ 11-ാം തീയതിയിലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 157/76/ഉ.വി. ഉത്തരവുപ്രകാരം ആയതിന് പകരമായാണ് ഈ ബിൽ കൊണ്ടുവരുന്നത്. പൊതുരേഖകൾ സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഒരു റെക്കോർഡ് മാനേജ്മെന്റ് സംവിധാനം കൊണ്ടുവരിക എന്നുള്ളതാണ് ഈ ബിൽ കൊണ്ട് ലക്ഷ്യമാക്കുന്നത്. ആയതിനാൽ തടസ്സവാദത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രകാരം ഈ ബില്ലിന്റെ ആവശ്യത്തിലേക്കായി പൊതുരേഖകൾ ഇന്നതൊക്കെയാണെന്ന് കേരള നിയമസഭയോ സർക്കാരോ പ്രഖ്യാപിക്കേണ്ടതുമില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2024-ലെ കേരള പൊതുരേഖ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നും ബില്ലിന്റെ ഉള്ളടക്കത്തിൽ ഭരണഘടനാവിരുദ്ധമായ വ്യവസ്ഥകൾ കടന്നുകൂടിയിട്ടുണ്ടെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്റെ തടസ്സവാദത്തിൽ ഉന്നയിച്ചത്. ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ച് ശ്രീ. യു. എ. ലത്തീഫും തടസ്സവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ സംബന്ധിച്ച നിയമപരമായ കാര്യങ്ങൾ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുന്നയിച്ച സുപ്രധാനമായ ഭരണഘടനയുൾപ്പെടെയുള്ള കാര്യങ്ങൾ സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പുകളിലൂടെയും വിശദമായ പരിശോധനകളിലൂടെയും പരിഹരിക്കപ്പെടുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്. ധനകാര്യമെമ്മോറാണ്ടം സംബന്ധിച്ച് ബില്ലിലെ വ്യവസ്ഥകൾമൂലം സർക്കാരിന് അധിക സാമ്പത്തിക ചെലവുകളുണ്ടാകുന്നതല്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ചെയർ

മുഖവിലയ്ക്കെടുക്കുന്നു. തടസ്സവാദങ്ങൾ തള്ളുന്നു. ബിൽ അവതരിപ്പിച്ചിരിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2023-ലെ കേരള പൊതുരേഖ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മുഹമ്മദ് മുഹസിൻ): സർ, 2023-ലെ കേരള പൊതുരേഖ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-08-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. സർക്കാർ സ്ഥാപനങ്ങളിലും കമ്മീഷനുകളിലും പൊതുമേഖലാ സ്ഥാപനങ്ങളടക്കമുള്ള പൊതുരേഖകളെല്ലാംതന്നെ വളരെ മികച്ച റെക്കോർഡ് മാനേജ്മെന്റ് സിസ്റ്റമുണ്ടാക്കുന്നതിനും രേഖകളുടെ preservation-നും protection-നും തുടങ്ങി

ഭരണനിർവഹണത്തിന് ചുമതല നൽകുന്നതിന് ഒരു സർക്കാർ അതോറിറ്റി നിലവിൽവരികയും ഇതുമായിബന്ധപ്പെട്ട് സർക്കാരിന് ഉപദേശം നൽകാൻ ആർക്കൈവൽ അഡ്വൈസറി ബോർഡ് രൂപീകരിക്കുകയും രേഖകൾ നശിപ്പിച്ചാൽ/അനുമതിയില്ലാതെ രേഖകൾ മറ്റുസ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുകയോ ചെയ്താൽ അതിനുള്ള ശിക്ഷാനടപടി സ്വീകരിക്കുകയെന്നതാണ് കേരള പൊതുരേഖാ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ഇതുമായിബന്ധപ്പെട്ട ഒരു സമഗ്ര ബിൽ കേരളത്തിൽ ഇതുവരെയുണ്ടായിട്ടില്ല. 1958-ൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്തുതന്നെ റെക്കോർഡുകളും പബ്ലിക് ഡോക്യുമെന്റുകളും സംരക്ഷിക്കാനുള്ള സംവിധാനത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കുകയും അതിനുള്ള പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ട്. 1962-ലാണ് പുരാരേഖ വകുപ്പ് യാഥാർഥ്യമാകുന്നത്. 1976 ഒക്ടോബറിൽ മാത്രമാണ് സർക്കാർ ഇതുമായി ബന്ധപ്പെട്ട ഒരു വിജ്ഞാപനം ഇറക്കുന്നത്. നിലവിൽ അതുമായി ബന്ധപ്പെട്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. നിലവിലുള്ളവ മൂല്യനിർണ്ണയം നടത്തുന്നതും സംരക്ഷിക്കുന്നതും പുരാരേഖ വകുപ്പിന് കൈമാറുന്ന മാനദണ്ഡങ്ങളുമെല്ലാം

നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പ് 1976 ഒക്ടോബർ 11-ന് ഇറക്കിയ സർക്കാർ ഉത്തരവുപ്രകാരമാണ്. ഇതിൽ പബ്ലിക് സർവീസ് കമ്മീഷൻ, വിവിധ കമ്മിറ്റികൾ, മറ്റ് കമ്മീഷനുകൾ എന്നിവയെക്കുറിച്ചെല്ലാം പറയുന്നുണ്ടെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ നിരവധി വകുപ്പുകളെക്കുറിച്ച് പറയുന്നില്ല. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായി രാജ്യത്ത് ഒരു നിയമം നിലനിൽക്കുന്നുണ്ട്. അത് 1993-ലാണ് നിലവിൽ വന്നിട്ടുള്ളത്. അതിനുശേഷം 1997-ലാണ് അതിന്റെ റൂളുകൾ ഇറക്കിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് ആ നിയമത്തിനോട് ചേർന്നുനിന്നുകൊണ്ടാണ് കേരള പൊതുരേഖാ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. പബ്ലിക് റെക്കോർഡുകൾ സൂക്ഷിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതിന് നിയമപരമായും ചരിത്രപരമായും വളരെയേറെ പ്രാധാന്യമുണ്ട്. ഓരോ പൗരന്മാരുടെ അവകാശമാണത്. സുതാര്യത ഉറപ്പുവരുത്താനും ഏറ്റവും മികച്ച രീതിയിൽ ഗവേർണൻസ് നടപ്പിലാക്കാനും ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും അതിന് സാധിക്കും. വിപുലമായ രാജ്യത്തിന്റെ സാംസ്കാരിക ചരിത്ര പൈതൃകങ്ങളെ സൂക്ഷിക്കാനും വരും തലമുറകളിലേയ്ക്ക് കൈമാറുന്നതിനും

രേഖകൾ സൂക്ഷിക്കുക എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. രേഖകൾ സൂക്ഷിക്കുകയും പൗരന്മാർക്ക് അത് വിരൽത്തുമ്പുകളിലെത്തിക്കാനും വേണ്ടിയുള്ള നിരവധി നിയമങ്ങൾ പാർലമെന്റിലും നിലവിൽ വന്നിട്ടുണ്ട്. The Public record Act, 1993, ഇതിന് പ്രധാനമായും ആധാരമായിട്ടുള്ള നിയമം. National Archives Act, 1989, Right to Information Act, 2005, Records & Management Manual, 2017, Information Technology Act 2000, The Indian Stamp Act, 1899, Registration Act, 1908, Kerala Public Libraries Act, 1989, The Antiquities and art treasures Act, 1972 തുടങ്ങിയ നിരവധിയായ ആക്ടുകൾ.....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട ശ്രീ. ഇ. ചന്ദ്രശേഖരൻ ചൂമതലപ്പെടുത്തിയത് പ്രകാരമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് മുഹസിൻ ഇപ്പോൾ സംസാരിക്കുന്നത്. എന്റെയും ശ്രീ. ഇ. ചന്ദ്രശേഖരന്റെയും മണ്ഡലങ്ങളുൾപ്പെടുന്ന കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസിലെ ദയനീയാവസ്ഥയാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കഴിഞ്ഞമാസം ആ ഓഫീസിൽ പോയപ്പോൾ

അവിടത്തെ റെക്കോർഡ്സെല്ലാം ചിതലെടുത്ത് ഒന്നും കാണാൻ കഴിയാത്ത അവസ്ഥയിലാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇതേ പ്രശ്നത്തിലേക്കാണ് ഞാൻ വരുന്നത്. പട്ടാമ്പി മണ്ഡലത്തിലുള്ള വിളയൂർ സബ് രജിസ്ട്രേഷൻ ഓഫീസും സമാന സഹചര്യത്തിലാണുള്ളത്. അതെല്ലാം പ്രൊട്ടക്റ്റ് ചെയ്യുക എന്നത് വളരെ നിർബന്ധമാണ്. അതിലേക്കാണ് ഞാൻ വന്നുകൊണ്ടിരിക്കുന്നത്. ഞാൻ പറഞ്ഞുവന്നത്, ഇങ്ങനെ ധാരാളം നിയമങ്ങളുണ്ട്. പക്ഷേ റെക്കാർഡ് സൂക്ഷിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്.

സർക്കാർ ഓഫീസുകളിലെ റെക്കോർഡ് റൂമുകളിലേക്ക് നോക്കികഴിഞ്ഞാൽ കാറ്റും വെളിച്ചവും അല്പംപോലും കടക്കാത്തതും പേപ്പറും ഫയലുകളും പൊടിയുമായി കെട്ടിപ്പിടിച്ച് കിടക്കുന്ന വല്ലാത്തൊരു അവസ്ഥയാണുള്ളത്. അവിടെ നോക്കിയാൽതന്നെ അലർജിയാവുന്ന സാഹചര്യമാണ്. ഏറ്റവും പ്രധാനപ്പെട്ട റെക്കോർഡുകൾപോലും സൂക്ഷിക്കുന്നത് ഇത്തരത്തിലുള്ള സാഹചര്യത്തിലാണ്. അങ്ങനെയുള്ളതിനെ കാറ്റഗറി തിരിച്ച് കാറ്റലോഗാക്കി വളരെ പ്രോഫഷണലായും ശാസ്ത്രീയമായും അതിനെ പ്രിസർവ്

ചെയ്യേണ്ടതുണ്ട്. നൂറ്റാണ്ടുകളായിട്ടുള്ള രേഖകൾ ഇതിന്റെ കൂടെത്തന്നെ ആർക്കേവ്സിലുണ്ട്. അത് സൂക്ഷിക്കാനുള്ള സംവിധാനങ്ങളുണ്ട്. എന്നാൽ അതിപ്പോൾ പലതും വേണ്ടത്ര സൂക്ഷിക്കാത്തതുകൊണ്ട് നശിച്ചുപോകുന്ന സാഹചര്യമുണ്ട്. ആർക്കൈവ്സുകളിലല്ലാതെ മറ്റ് സ്ഥലങ്ങളിൽ നമ്മുടെ ചരിത്രവുമായി ബന്ധപ്പെട്ട രേഖകളുണ്ട്. അത് ഇങ്ങോട്ട് എത്തിക്കേണ്ടതുണ്ട്. അങ്ങനെ നിരവധിയായിട്ടുള്ള കാര്യങ്ങളുണ്ട്. അതോടൊപ്പം നമ്മുടെ ഡിജിറ്റലൈസേഷൻ പ്രോജക്ട് തന്നെ വേണ്ടത്ര കാര്യക്ഷമമായി മുന്നോട്ട് പോയിട്ടില്ല. എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്യേണ്ടതുണ്ട്. അങ്ങനെയുള്ള നിരവധി സംവിധാനങ്ങളുണ്ട്. പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, വേണ്ടത്ര റിസോഴ്സസിന്റെ കുറവ്; അത് ഫണ്ട് ആകാം അതല്ലെങ്കിൽ അതിനുള്ള പ്രൊഫഷണലായിട്ടുള്ള ആളുകളുടെ കാര്യമാകാം. അതുപോലെ സാങ്കേതിക പ്രശ്നങ്ങൾ തുടങ്ങിയവ കാരണം നമ്മുടെ രേഖകളിൽ ചിലത് ബോധപൂർവ്വം മിസ് പ്ലേസ് ചെയ്യുന്നതോ അല്ലെങ്കിൽ മാറ്റുന്നതോ ആയിട്ടുള്ള പ്രശ്നങ്ങളുണ്ട്. സ്വാഭാവികമായി കാലപ്പഴക്കം കാരണം ഡോക്യുമെന്റ് നഷ്ടപ്പെടുന്നതും ഫ്ലഡ് അടക്കമുള്ള നാച്ചുറൽ ഡിസാസ്റ്ററിൽ നഷ്ടപ്പെടുന്ന ഡോക്യുമെന്റ്സുമുണ്ട്.

അപ്പോൾ ഇതെല്ലാം സംരക്ഷിക്കുക എന്നുള്ളത് പ്രധാനപ്പെട്ടതാണ്. ഈ നിയമം അതിന് പ്രധാനമായും ഗുണം ചെയ്യുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് ഒന്നുരണ്ട് നിർദേശങ്ങളുള്ളത്; എല്ലാ ഓഫീസുകളിലെയും ഡോക്യുമെന്റുകൾ നിർബന്ധമായി ഡിജിറ്റലൈസ് ചെയ്യാനുള്ള സംവിധാനമുണ്ടാകണം. ഒന്നിലധികം ക്ലൗഡ് സ്റ്റോറേജുകൾ ഉണ്ടാവുകയും കോമൺ സ്റ്റോറേജ് എന്ന നിലയ്ക്ക് രണ്ടോ മൂന്നോ സ്ഥലത്ത് അത് സ്റ്റോർ ചെയ്യാനുള്ള സൗകര്യങ്ങളുമുണ്ടാകണം. അതുപോലെ, എല്ലാ ഓഫീസുകളിലും ഏതൊക്കെ തരത്തിലുള്ള ഡോക്യുമെന്റ് ആണെങ്കിലും അതിനെ കാറ്റലോഗ് തിരിച്ചുകൊണ്ട് സംരക്ഷിക്കാനും അത് എവിടെയാണെന്നുള്ളത് അതുമായി ബന്ധപ്പെട്ട ആളുകൾക്ക് പറയാനും സാധിക്കണം. രേഖകളുടെ പരിപാലനത്തിനും ക്രമീകരണത്തിനും സുരക്ഷിതത്വത്തിനുമുള്ള സംവിധാനം എല്ലാ ഓഫീസുകളിലും ഉറപ്പുവരുത്തേണ്ടതുണ്ട്. പൊതുരേഖകൾ നശിപ്പിക്കുന്നതും നീക്കം ചെയ്യുന്നതും വളരെ ശ്രദ്ധിച്ചുവേണം. നിലവിൽ പൊതുരേഖകൾ നീക്കം ചെയ്യുന്ന കാര്യം ബില്ലിൽ പറയുന്നുണ്ട്. നീക്കം ചെയ്യുന്ന ഡോക്യുമെന്റുകൾ ഡിജിറ്റലൈസ്

ചെയ്ത് ഡിജിറ്റൽ ഡോക്യുമെന്റ് ആക്കിയാലും പത്ത് വർഷമെങ്കിലും നീക്കം ചെയ്യുന്ന ഡോക്യുമെന്റ്സ് സൂക്ഷിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതിലെ ഖണ്ഡം 3(2)(ആർ)-ൽ "ചരിത്രപരമായോ ദേശീയപരമായോ പ്രാധാന്യമുള്ള ഏതൊരു രേഖയും വാടകയ്ക്കോ വിലയ്ക്കുവാങ്ങിയോ ഉപഹാരമായി സ്വീകരിച്ചോ കരസ്ഥമാക്കുക;" എന്ന് പറയുന്നുണ്ട്. ചട്ടം രൂപീകരിക്കുന്ന സമയത്താണെങ്കിലും പലതരത്തിൽ ഫാബ്രിക്കേറ്റായിട്ടുള്ള രേഖകൾ വരാൻ സാധ്യതയുണ്ട്. അതിന്റെ ആധികാരികത ഉറപ്പാക്കണം. അതോടൊപ്പംതന്നെ ഖണ്ഡം 7(2) പ്രകാരം "റിക്കാർഡ്സ് ഓഫീസർ, അയാളുടെ ചുമതലയിൽപ്പെട്ട ഏതെങ്കിലും പൊതുരേഖകൾ അനധികൃതമായി നീക്കം ചെയ്യുകയോ നശിപ്പിക്കുകയോ വികൃതമാക്കുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തത് സംബന്ധിച്ചും അയാൾ എടുത്ത നടപടി സംബന്ധിച്ചും ഉള്ള വിവരം അടങ്ങിയ ലിഖിതമായ ഒരു റിപ്പോർട്ട് കാലതാമസം കൂടാതെ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി അയാൾക്ക് യുക്തമെന്ന് തോന്നുന്ന നടപടിയെടുക്കേണ്ടതുമാണ്" എന്നാണ് പറയുന്നത്. എന്നാൽ മറ്റുള്ളവർ

നശിപ്പിച്ചുകഴിഞ്ഞാൽ അവർക്ക് നേരത്തെ പറഞ്ഞതുപോലെത്തന്നെ ശിക്ഷ ഉറപ്പ് വരുത്തുന്നതിനും അതുപോലെ പിഴ അടയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളുണ്ട്. ഈ ഉദ്യോഗസ്ഥർതന്നെ ബോധപൂർവ്വം നശിപ്പിക്കുകയാണെങ്കിൽ അവർക്കും ആ ശിക്ഷ തന്നെ ലഭിക്കുന്ന രീതിയിലേക്ക് മാറ്റണമെന്നാണ് എനിക്കൊരു നിർദ്ദേശം പറയാനുള്ളത്. മാത്രമല്ല നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ മൂലനിയമത്തിൽ പറഞ്ഞിരിക്കുന്ന 10,000/- രൂപ പിഴ എന്നുള്ളത് 25,000/- ആക്കിമാറ്റുന്നതിന് പകരം 10,000/- രൂപ അല്ലെങ്കിൽ അഞ്ച് വർഷം എന്നോ, അല്ലെങ്കിൽ രണ്ടും കൂടെയെന്നുമുള്ള രീതിയിലേക്ക് വരണം. അതോടൊപ്പം സ്വകാര്യ സ്രോതസ്സിൽനിന്നും രേഖകൾ സ്വീകരിക്കുന്ന സമയത്ത് അതിന്റെ ആധികാരികത ഉറപ്പുവരുത്താനുള്ള എക്സ്പെർട്ട് കമ്മിറ്റി ഉണ്ടാകണം. അഡ്വൈസറി ബോർഡിൽ വരുന്നത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ആർക്കിവിസ്റ്റ്, ഒരു ഐ.ടി. വിദഗ്ദ്ധൻ കൂടാതെ സർവ്വകലാശാലയിൽ നിന്ന് ചരിത്രത്തിൽ ബിരുദാനന്തര ബിരുദമോ ഡോക്ടറേറ്റോ ഉള്ളവർ (മൂലനിയമത്തിൽ പറയുന്നത് "Professors in the Post-graduate Department of History in any recognised University."എന്നാണ്)

എന്നിവരാണ് അല്ലാതെ വെറുതെ ഒരു ഹിസ്റ്ററിയിൽ എവിടെ നിന്നെങ്കിലും ഒരു പി.ജി. എടുത്തുവന്നവരോ അല്ലെങ്കിൽ ഡോക്ടറേറ്റ് എടുത്തയാളോ ആയിരിക്കരുത്. വളരെ പ്രധാനപ്പെട്ട ഡോക്യുമെന്റുകളുമായി ബന്ധപ്പെട്ട അഡ്വൈസറി ബോർഡിലുണ്ടാകുന്നത്, അംഗീകൃത യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസറായിരിക്കണം. അതുകൂടാതെ അദ്ദേഹത്തിന് അന്താരാഷ്ട്രതലത്തിൽ പബ്ലിക്കേഷൻസും ഉണ്ടാകണമെന്നുള്ള കാര്യംകൂടി ഉറപ്പ് വരുത്തണം എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അതല്ലെങ്കിൽ വലിയ അപകടത്തിലേക്ക് നമ്മൾ പോകാൻ സാധ്യതയുണ്ട്. വർഷത്തിൽ രണ്ട് തവണയെങ്കിലും ബോർഡ് ചേരണമെന്നാണ് പറയുന്നത്. അത് കുറഞ്ഞത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ആക്കണമെന്നാണ് പറയാനുള്ളത്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 17-ാമത്തെ വകുപ്പിൽ ആർക്കൈവൽ സയൻസ് കോഴ്സുകൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള അധികാരം ഡയറക്ടർക്ക് നൽകുന്നുണ്ട്. അതിന്റെ കോഴ്സ് ഡിസൈൻ ചെയ്യുന്നതും അതുമായി ബന്ധപ്പെട്ടുള്ള നിലവാരം സംബന്ധിച്ചും ആ വകുപ്പിൽ പറയുന്നുണ്ട്. അത്

അക്കാഡമിക്കായിട്ടുള്ള ബോർഡുകൾക്ക് മുകളിലാകരുത് എന്നാണ് പറയാനുള്ളത്. ഡയറക്ടർമാർ വേണ്ടത്ര എക്സ്പെർട്ട് അല്ലെങ്കിൽ പലപ്പോഴും ബുദ്ധിമുട്ടുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. എന്തായാലും എല്ലാം ഡിജിറ്റലൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം നമുക്കുറപ്പാണ് ആർക്കൈവൽ ഇമ്പോർട്ടൻസുള്ള ഏറ്റവും പ്രധാനപ്പെട്ട രേഖകൾ, സർക്കാർ റെക്കോർഡുകൾ എല്ലാംതന്നെ സംരക്ഷിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രത്യേകിച്ച് ചരിത്ര രേഖകൾ പോലും മാനിപ്പുലേറ്റ് ചെയ്യുകയും അതുപോലെത്തന്നെ ചരിത്ര സത്യങ്ങളെ വളച്ചൊടിക്കുകയും ചരിത്രത്തെ തിരുത്തുകയും ചെയ്യുന്നൊരു കാലത്താണ് നമ്മളുള്ളത്. നമ്മുടെ നാടിന്റെ മതനിരപേക്ഷ പൈതൃകം, വിശാലമായിട്ടുള്ള ഹെറിറ്റേജ്, മതനിരപേക്ഷമായിട്ടുള്ള സ്നേഹ ബന്ധങ്ങൾ എന്നിവയെല്ലാംതന്നെ തകർക്കുന്ന രീതിയിൽ ചരിത്രത്തിൽപ്പോലും വിഷം കലർത്തുന്നവർ നമ്മുടെ നാട്ടിലുൾപ്പെടെ എല്ലായിടത്തുമുണ്ട്. കേന്ദ്രസർക്കാർ പ്രത്യേകിച്ച് അതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അക്കാഡമിക് ഇന്റഗ്രിറ്റി അടക്കം ചോദ്യം ചെയ്യപ്പെടുന്നൊരു കാലത്തിലേക്ക്

നമ്മൾ മാറിയിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ secular fabric ഉൾപ്പെടെയുള്ള ചരിത്രങ്ങൾ വളച്ചൊടിക്കുന്ന ഈ സമയത്ത് വളരെ ശക്തമായി ഈ രേഖകൾ സംരക്ഷിക്കാനും അതോടൊപ്പംതന്നെ അത് അടുത്ത തലമുറയിലേയ്ക്ക് എത്തിക്കാനും സാധിക്കണം. അതോടൊപ്പം റിസർച്ച് ചെയ്യുന്ന ആളുകൾക്ക് വളരെവേഗം ലഭ്യമാകാൻ കഴിയുന്ന തരത്തിൽ എല്ലാവരുടെയും വിരൽത്തുമ്പിൽ ഈ ഡോക്യുമെന്റുകളെല്ലാം ലഭ്യമാകുന്ന രീതിയിലേക്ക് മാറണമെന്ന കാര്യംകൂടി അറിയിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 2023-ലെ കേരള പൊതുരേഖ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിൽ സ്റ്റെന്റ് അടക്കമുള്ള സർജിക്കൽ ഉപകരണങ്ങൾ കിട്ടാത്തതിന്റെ പേരിൽ ഹൃദ്രോഗ വിഭാഗം ഓപ്പറേഷൻ തിയേറ്റർ അടച്ചിടുന്ന സ്ഥിതിയിലാണ്. മെറ്റീരിയൽസ് നൽകിയ കോൺട്രാക്ടർക്ക് വലിയ സംഖ്യ കുടിശ്ശികയായതാണ് കാരണം. പാവപ്പെട്ട രോഗികൾക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും

ഇക്കാര്യത്തിൽ സജീവമായി ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ഇക്കഴിഞ്ഞ പാർലമെന്റിന്റെ ആദ്യ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ശ്രീ. രാഹുൽ ഗാന്ധിയും സഹ എം.പി.-മാരും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിച്ച് സത്യപ്രതിജ്ഞ ചെയ്തപ്പോൾ കേന്ദ്ര മന്ത്രിമാരും ഭരണകക്ഷി അംഗങ്ങളും അവരെ നേരിട്ടത് 40 വർഷം മുമ്പ് കോൺഗ്രസ്സ് ഭരണകാലത്ത് നടന്ന അടിയന്തരാവസ്ഥ ചൂണ്ടിക്കാട്ടിയാണ്. എന്നാൽ ഇവിടെ എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് അധികാരത്തിൽവന്ന എൽ.ഡി.എഫ്. പ്രതിപക്ഷത്തുനിന്ന് എന്ത് കാര്യങ്ങൾ അവതരിപ്പിച്ചാലും എട്ട്-പത്ത് വർഷങ്ങൾക്ക് മുമ്പ് യു.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായി എന്ന് ഇവർ പറയുന്ന കുറവുകൾ ഉയർത്തിക്കാട്ടി പ്രതിപക്ഷത്തെ എതിർക്കുന്നതാണ് പതിവ്. എന്റെ സംശയം ബി.ജെ.പി.-യും സി.പി.ഐ (എം)-ഉം ഒരേ പൊളിറ്റിക്കൽ സ്കൂളിൽ ഒരേ ക്ലാസിലിരുന്ന് ഒരേ സിലബസ് പഠിച്ച് പുറത്ത് വന്നതുകൊണ്ടാണോ ഇവർ തമ്മിൽ ഇത്ര വലിയ അഭേദ്യമായ ഐക്യമുണ്ടായതെന്ന് ഞാൻ സംശയിക്കുകയാണ്. ഈ സമ്മേളനത്തിന്റെ

അവസാന ദിവസം നല്ല വാക്കുകൾ പറഞ്ഞ് പിരിയണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. പക്ഷേ കഴിഞ്ഞ ദിവസം ഈ സഭയിൽ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും എസ്.എഫ്.ഐ. അതിക്രമത്തെ സാധൂകരിക്കുന്നതിനുവേണ്ടി പറഞ്ഞത്, മലപ്പുറം ജില്ലയിൽ എം.എസ്.എഫ്-കാർ അദ്ധ്യാപകനെ ചവിട്ടിക്കൊന്നുവെന്നാണ്. മരിച്ച വ്യക്തിയുടെ പേര് പറയാമോ എന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിരന്തരമായി ചോദിച്ചപ്പോഴാണ് പേര് പറഞ്ഞത്. അതായത് അങ്ങനെയൊരു സംഭവം ലീഗിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നതിന്റെ തെളിവായിരുന്നു ആ ചോദ്യം. ജെയിംസ് അഗസ്റ്റിൻ എന്ന അദ്ധ്യാപകൻ 19-07-2008-ൽ ഹൃദയസ്തംഭനംമൂലമാണ് മരണപ്പെട്ടതെന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗത്തിലെ വിദഗ്ധരായ ഡോക്ടർമാർ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലീം ലീഗ് പ്രവർത്തകർ അദ്ദേഹത്തെ മർദ്ദിച്ചിട്ടില്ലെന്ന് സംഭവം കണ്ടുവെന്ന് നിങ്ങൾ പറയുന്ന സാക്ഷികൾ കോടതിയിൽ മൊഴിയും നൽകി.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അദ്ദേഹത്തിന്റെ ഭേദഗതി പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ളതാണ്. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നതിനുപകരം കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ നടന്ന രാഷ്ട്രീയ ചർച്ചകൾക്കുള്ള വിശദീകരണം നൽകുന്നത് ദൗർഭാഗ്യകരമാണ്. ബില്ലിന്റെ പരിധിയിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ ചെയർ നിർദ്ദേശിക്കണം.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭരണകക്ഷി അംഗങ്ങളൊക്കെ രാഷ്ട്രീയമാണ് പറഞ്ഞത്. ബില്ലിലെ കാര്യങ്ങൾ ഞാൻ പറഞ്ഞ് വരുന്നതിനുമുമ്പ് ചിലത് പറയണ്ടേ;

ചെയർപേഴ്സൺ: താങ്കൾ ബില്ലിന്റെ പരിധിയിലേയ്ക്ക് വരണം.

ശ്രീ. യു. എ. ലത്തീഫ്: സർ, മുസ്ലീംലീഗ് പ്രവർത്തകർ അദ്ദേഹത്തെ മർദ്ദിച്ചിട്ടില്ലെന്ന് നിങ്ങളുടെ പാർട്ടിക്കാരിൽ സംഭവം കണ്ടുവെന്ന് പറഞ്ഞ സാക്ഷികൾ കോടതിയിൽ മൊഴിനൽകിയതിനെത്തുടർന്ന് പ്രതികളെ വിട്ടയച്ചു. ഇക്കാര്യങ്ങൾ അറിയാവുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ അത് മറച്ചുവച്ച് എം.എസ്.എഫ്.-നെ മോശമായി ചിത്രീകരിക്കാൻ ഈ നിലപാടെടുത്തത്

വളരെ വേദനയോടുകൂടി ഞാൻ അവതരിപ്പിക്കുന്നു. ആ മോശമായ പരാമർശങ്ങൾ പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മുസ്ലീംലീഗിന് എല്ലാ കാര്യങ്ങളിലും ഒരു നിലപാടുണ്ട്. 450 വർഷത്തോളം മുസ്ലീങ്ങൾ ആരാധനയ്ക്ക് ഉപയോഗിച്ച ബാബറി മസ്ജിദ് 1992 ഡിസംബർ 6-ന് ഏതാനും സംഘപരിവാർ പ്രവർത്തകർ തകർത്തു. അന്ന് കേരളം കത്തുമെന്ന് ആശങ്കയുണ്ടായ സമയത്ത് സ്വന്തം സമുദായത്തോട് ആത്മസംയമനം പാലിക്കാനും ക്ഷേത്രങ്ങൾക്ക് കാവൽനിൽക്കാനുമാണ് അന്നത്തെ മുസ്ലീംലീഗിന്റെ സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ നിർദ്ദേശിച്ചത്. അത് നമുക്ക് മറക്കാൻ സാധിക്കുമോ; അതുപോലെ, കേരളത്തിൽ 1970 ജനുവരി 30-ന് ഗംഗാധര മാരാർ എന്ന മാർക്സിസ്റ്റ് നേതാവ് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായിരുന്ന ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ സാഹിബിനെ കാണുന്നതിന് തലശ്ശേരി ഗസ്റ്റ് ഹൗസിൽവച്ച് അനുവാദം ചോദിക്കുകയുണ്ടായി. മുൻമന്ത്രി പി. ആർ. കുറുപ്പിനെ ചുറ്റികകൊണ്ട് തലയ്ക്കടിക്കുകയും മുൻ ഗവർണർ വി. വിശ്വനാഥിന്റെ കാറിന് കല്ലേറിയുകയും

ജയിൽവാസം നടത്തുകയും ചെയ്തിട്ടുള്ള ആളാണെന്ന വിവരങ്ങൾ നൽകിയിട്ടും സി. എച്ച്. മുഹമ്മദ് കോയ, അദ്ദേഹത്തെ കാണാൻ അനുമതി നൽകി; എന്നാൽ മെമ്മോറാണ്ടം നൽകാനാണെന്ന വ്യാജേന സി. എച്ച് മുഹമ്മദ് കോയയുടെ മുഖത്തേയ്ക്ക് ആസിഡ് ബൾബ് എറിഞ്ഞ് വധിക്കാൻ ശ്രമിക്കുകയാണുണ്ടായത്. അതിനെതിരെ അദ്ദേഹം എന്താണ് ചെയ്തത്; മുഖത്തും നെറ്റിയിലുമുണ്ടായിരുന്ന പരിക്കുകൾ ഡ്രസ് ചെയ്ത് തൊട്ടടുത്ത ദിവസം നടന്ന പൊതുയോഗത്തിൽ അദ്ദേഹം പ്രസംഗിച്ചു. ആ പ്രസംഗത്തിൽ എനിക്ക് യാതൊന്നും പറ്റിയിട്ടില്ലെന്നും എന്റെ സഹോദരന്മാർ ആത്മസംയമനം പാലിക്കണമെന്നും സമാധാനം നിലനിർത്തണമെന്നുമാണ് അദ്ദേഹം ആവശ്യപ്പെട്ടത്. കണ്ണൂർ ജില്ലയിൽ മറ്റൊരു സംഭവമുണ്ടായി; 19-20 വയസ്സ് മാത്രം പ്രായമുള്ള ഞങ്ങളുടെ പ്രിയപ്പെട്ട എം.എസ്.എഫ്. പ്രവർത്തകനെ മാർക്സിസ്റ്റുകാർ വളഞ്ഞിട്ട് ആക്രമിക്കുകയും ആർത്തുവിളിക്കുന്ന ആ കുട്ടിയുടെ നിലവിളിപോലും വകവയ്ക്കാതെ ക്രൂരമായി അടിച്ചും കുത്തിയും കൊന്നു. ഒരു സി.പി.എം. നേതാവിന്റെ കാർ തടഞ്ഞവരുടെ കൂട്ടത്തിൽ ഈ കുട്ടിയും ഉണ്ടായിരുന്നുവെന്ന സംശയമാണ് ഇത് ചെയ്യാനുള്ള കാരണമായി അവർ

പറഞ്ഞത്. ഇത് വല്ലാത്തൊരു നിലപാടാണ്. 1980-ൽ ജൂലൈ 30-ന് അറബിഭാഷ സംരക്ഷണത്തിനുവേണ്ടി മലപ്പുറം കളക്ടറേറ്റിൽ മുസ്ലീംലീഗ് യൂത്ത് ലീഗ് പ്രവർത്തകർ സമരം നടത്തിയപ്പോൾ ഇ. കെ. നായനാരുടെ പോലീസ് അബ്ദുൽ മജീദ്, അബ്ദുറഹ്മാൻ, കുഞ്ഞിപ്പ എന്നീ മൂന്ന് യുവാക്കളെ വെടിവച്ചുകൊന്ന സമയത്ത് സമാധാനം പാലിക്കാൻ നിർബന്ധിക്കുകയും നമുക്ക് നിയമപരമായി പോരാട്ടം നടത്തി മുന്നോട്ടുപോകാമെന്നും പ്രഖ്യാപിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു അതിന് നേതൃത്വം നൽകിയത്. ഞങ്ങളുടെ നിലപാട് തങ്ക ലിപികളാൽ എഴുതപ്പെട്ടതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ബില്ലിന്റെ കാര്യങ്ങൾ പറയൂ.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 1962 ആഗസ്റ്റ് മാസം 23-നാണ് സംസ്ഥാന പുരാരേഖ വകുപ്പ് രൂപീകരിക്കപ്പെടുന്നത്. ഭരണനിർവഹണം, രേഖകളുടെ ശാസ്ത്രീയ സംരക്ഷണം എന്നതായിരുന്നു പ്രധാന ലക്ഷ്യം. ആർക്കൈവ്സ്, ആർക്കിവിസ്റ്റ്, സംസ്ഥാന ആർക്കൈവ്സ്, തിരുവിതാംകൂറിലെ പുരാരേഖ സംവിധാനം, ഹുസൂർ സെൻട്രൽ വെർണാക്കുലർ റെക്കോർഡ്സ് എന്നിവ നല്ല നിലയിൽ പുരാരേഖകൾ സംരക്ഷിക്കുന്നതിനുവേണ്ടി ശ്രമിച്ചു. 1976 ഒക്ടോബർ

മാസം 11-ാം തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് സർക്കാർ വകുപ്പുകൾ, കമ്മീഷനുകൾ, പി.എസ്.സി. തുടങ്ങിയവയുടെ ശാശ്വതമൂല്യമുള്ള രേഖകൾ സംരക്ഷിക്കുകയെന്നതായിരുന്നു ഉദ്ദേശ്യം. 2023-ലെ ബില്ലിന്റെ ഉദ്ദേശ്യവും അതുതന്നെയായിരുന്നു. ഇവിടെ ഒരു കേന്ദ്രനിയമം നിലവിലുണ്ട്. 4-ാം വകുപ്പിലെയോ 8-ാം വകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് അഞ്ച് വർഷംവരെ തടവും 25000 രൂപ വരെ പിഴയുംം എന്നാണ് 9-ാം വകുപ്പിൽ നിർദ്ദേശിക്കുന്നത്. ഞാൻ തടസ്സവാദമുന്നയിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ, ഇന്ത്യൻ ഭരണഘടനയുടെ 49-ാം വകുപ്പനുസരിച്ച് പാർലമെന്റ് ഇന്നതൊക്കെയാണ് രേഖകളെന്ന് മുൻകൂട്ടി പറയുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ഇവിടെ നിയമം നടപ്പാകാൻ പോകുകയാണ്. പക്ഷേ കേരള ഗവൺമെന്റ് ഇന്നുവരെ ഇതാണ് രേഖയെന്ന് നിയമസഭയിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത അവസ്ഥയിൽ എങ്ങനെയാണ് സി.ജെ.എം. (Chief Judicial Magistrate) കോടതിയിൽ ഒരു അഭിഭാഷകന് ഈ കേസ് വിചാരണ ചെയ്യാൻ കഴിയുന്നത്? അങ്ങനെ വന്നാൽ പതിനായിരക്കണക്കിന് രേഖകളില്ലേ; ആ രേഖകളുടെ പ്രാധാന്യം

മനസ്സിലാക്കിയല്ലേ കേസിൽ ശിക്ഷ വിധിക്കുന്നത്; കോടതിയിലെ എല്ലാ കേസുകളും ഒരുപോലെ ശിക്ഷിക്കാനും കാണാനും സാധിക്കുമോ; ഇന്നതൊക്കെയാണ് രേഖകൾ, അതിൽ പ്രധാനപ്പെട്ടത് ഇന്നതൊക്കെയാണെന്ന്, പ്രാധാന്യമില്ലാത്തത് ഇന്നതൊക്കെയാണ് എന്നൊക്കെ കൃത്യമായി ഈ ബില്ലിൽ വിവരിക്കേണ്ടതാണ്. അല്ലെങ്കിൽ ഈ കേസുകളൊക്കെ കോടതിയിൽ പരാജയപ്പെടുമെന്നാണ് ഒരു അഭിഭാഷകൻ എന്ന നിലയിൽ എന്റെ അഭിപ്രായമെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ **ഭേദഗതിയെ പിന്താങ്ങുന്നു**. സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ രൂപീകരിച്ച കമ്മീഷനുകൾ, കമ്മിറ്റികൾ എന്നിവയിലെ പൊതുരേഖകൾ സംരക്ഷിക്കുന്നതിനാണ് സംസ്ഥാനത്ത് ഒരു റെക്കോർഡ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ ബില്ലിൽ വ്യവസ്ഥ ചെയ്യുമ്പോൾ ഒരു നിയമവും ബൈലോയും അതിനുള്ളിൽ

ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ പുരാരേഖകൾ സംരക്ഷിച്ചാൽ മാത്രമെ ഭാവിതലമുറയ്ക്ക്, പഠന വിദ്യാർത്ഥികൾക്ക് അത് ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂ. ഇപ്പോഴത്തെ സാഹചര്യത്തിൽ ചരിത്ര രേഖകൾ സംരക്ഷിക്കുകയെന്നതാണ് പുരാരേഖ വകുപ്പിന്റെ പ്രഥമ കർത്തവ്യം. ആ കർത്തവ്യം കൃത്യമായി നിർവഹിക്കണമെങ്കിൽ അതിന് വ്യക്തമായൊരു കമ്മിറ്റിയും അഡ്വൈസറി ബോർഡുമുണ്ടാകണം. അത്തരം കമ്മിറ്റികൾ സമയബന്ധിതമായി വിളിച്ച് ചേർത്ത് ഓരോ റെക്കോർഡ് റൂമുകളിലുമുള്ള ചരിത്ര പുരാരേഖകൾ കൃത്യമായി പരിപാലിക്കപ്പെടേണ്ട സാഹചര്യം ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ കൊണ്ടുവന്ന് സംസ്ഥാനത്ത് പ്രാബല്യത്തിലാക്കേണ്ടതാണ്. ഗവേഷകരെ സംബന്ധിച്ച് പുരാരേഖകൾ പ്രാഥമിക രേഖകളാണ്. നമ്മുടെ പഴയ പത്രവാർത്തകൾ പോലുള്ള ദ്വിതീയ രേഖകൾ മാത്രമാണ് ഇന്ന് നമ്മെ സംബന്ധിച്ച് ഏറ്റവും വലിയ രേഖയായി കാണുന്നത്. ചരിത്രം പറയുന്നുണ്ട്; മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് മലബാർ കളക്ടറേറ്റ് ഉണ്ടായിരുന്നു. മലബാർ കളക്ടറേറ്റ് ഉണ്ടാകുന്ന സാഹചര്യത്തിൽ കേരളത്തിന്റെ ചരിത്രവും പൈതൃകവും അടങ്ങിയ രേഖകൾ

തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്നതിനുവേണ്ടി നമ്മുടെ മുൻഗാമികൾ എടുത്ത ത്യാഗവും തീരുമാനങ്ങളും ഒരുപക്ഷേ, ഇത്തരത്തിലുള്ള നിയമ നിർമ്മാണങ്ങളും അതുമായി ബന്ധപ്പെട്ട കമ്മിറ്റികളുമൊക്കെ ഇടപെടലുകൾ നടത്തിയിട്ടുണ്ടാകും. അങ്ങനെയൊരു ഭൂതകാല ചരിത്രമുണ്ടാകുമ്പോൾ വർത്തമാന കാലഘട്ടത്തിൽ നമ്മുടെ ചരിത്ര വിദ്യാർത്ഥികൾ പഠിച്ച് മുന്നോട്ടുപോകുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കേണ്ടത് നമ്മളാണ്. സ്വാഭാവികമായും ഈ ബില്ലിലൂടെ ഇത്തരത്തിലുള്ള പുരാരേഖകൾ സംരക്ഷിക്കപ്പെടേണ്ട ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മൾ എത്തിയിരിക്കുകയാണ്.

കേരളത്തിലെ വിവിധ കളക്ടേറ്റുകളിലും വിവിധ ഓഫീസുകളിലെ റെക്കോർഡ്സ് റൂമുകളിലും പൊടിപിടിച്ചുകിടക്കുന്ന വിലപ്പെട്ട രേഖകൾ വീണ്ടെടുത്ത് സംരക്ഷിക്കുന്നതാണ് ഈ നിയമം. എനിക്കുമുമ്പ് പ്രസംഗിച്ച മെമ്പർ സൂചിപ്പിച്ചതുപോലെ, നമ്മുടെ രാജ്യം ശാസ്ത്രസാങ്കേതിക മേഖലയിൽ അതിവേഗം വളർന്നുവരികയും എല്ലാ മേഖലകളും ഹൈടെക് മോഡലാകുകയുമാണ്. ചില കളക്ടറേറ്റുകളിലും രജിസ്ട്രേഷൻ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും മറ്റുചില ഓഫീസുകളിലും പോകുമ്പോൾ അവിടെയുള്ള

റെക്കോർഡ്സ് റൂം കണ്ടാൽ നമുക്ക് അത്ഭുതം തോന്നും. നമുക്കൊരു ഫയൽ വളരെപ്പെട്ടെന്ന് എടുക്കണമെങ്കിൽ ഇന്നത്തെ കാലഘട്ടത്തിൽ അതിനുള്ള സാഹചര്യങ്ങളുള്ളതിനാൽ നമുക്കത് ഒരുക്കാൻ കഴിയണം. വെളിച്ചമുള്ളതും ഹൈടെക് മോഡൽ സിസ്റ്റത്തോടുകൂടിയതുമായ റെക്കോർഡ്സ് റൂമുകൾ നമുക്കിന്ന് ആവശ്യമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

പൈതൃകമായ ധാരാളം സ്വത്തുള്ള ഒരു നാടാണ് നമ്മുടെ കൊച്ചു കേരളം. ഇവിടെ നിരവധി പഠനവിദ്യാർത്ഥികളും ഗവേഷകരുമുണ്ട്. പൂർവ്വികർ പറയുന്നതുപോലെ, ഐക്യ കേരളത്തിൽ വിശേഷപ്പെട്ട ധാരാളം പൊതുസ്വത്തുണ്ട്. ആ രേഖകളൊക്കെ സംരക്ഷിക്കപ്പെടുന്നത് നമ്മുടെ കളക്ടറേറ്റുകളിലും മറ്റുള്ള സ്ഥാപനങ്ങളിലുമാണ്. രജിസ്ട്രേഷൻ ഓഫീസുകളിലാണ് നമ്മുടെ ചരിത്രപരവും പൈതൃകവുമായ സ്വത്തുക്കളുടെ രജിസ്ട്രേഷൻ സംവിധാനങ്ങളുള്ളത്. ഇനിയങ്ങോട്ടുള്ള കാലഘട്ടത്തിൽ ഏതെങ്കിലും പുരാരേഖ പരിശോധിക്കണമെന്ന് പറയുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും നാം ചിതറിനടക്കേണ്ട ഒരു സാഹചര്യമാണ് ഉണ്ടാകുക.

പുരാവസ്തു വകുപ്പിലെ ഡിജിറ്റൈസേഷൻ സംവിധാനം വളരെ സാവകാശം നടക്കുന്നതിനാൽ ഇത്തരം ഓഫീസുകളിലുള്ള ഫയലുകൾ ഇന്ന് ചിതലരിച്ച് പോകുന്നു. അതിനാൽ അത്തരം സംവിധാനങ്ങൾ വേഗത്തിൽ കൊണ്ടുവരാനുള്ള ശ്രമം ചെയ്താൽ കൂടുതൽ രേഖകൾ നമുക്ക് സംരക്ഷിക്കാൻ കഴിയും. ഇത് അനന്തമായി നീണ്ടുപോയാൽ പ്രധാനപ്പെട്ട പുരാരേഖകൾ നഷ്ടപ്പെടുകയും നാളെ ഒരു ചരിത്ര വിദ്യാർത്ഥി ആ രേഖ ആവശ്യപ്പെടുമ്പോൾ നമുക്ക് കൊടുക്കാനോ അവരുടെ പഠന ആവശ്യത്തിന് ഹാജരാക്കാനോ കഴിയാത്ത സാഹചര്യമുണ്ടാകും.

കേന്ദ്ര സർക്കാർ 1993-ൽ കേന്ദ്ര പബ്ലിക് റിക്കോർഡ്സ് ആക്ട് നടപ്പിലാക്കിയിരുന്നു. ഓഫീസുകളിലെ രേഖകൾ സൂക്ഷിപ്പ്, നീക്കം ചെയ്യൽ, സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ഈ നിയമപ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ വകുപ്പുകളിൽ ലക്ഷക്കണക്കിന് രേഖകൾ ശരിയായി സൂക്ഷിക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും പുരാരേഖ ശേഖരണത്തിലേയ്ക്ക് മാറ്റുന്നതിനും ഗവേഷകർക്ക് പഠനത്തിന് നൽകുന്നതിനും ഈ രീതിയിലുള്ള നിയമനിർമ്മാണം ആവശ്യമായതിനാൽ 1993-ൽ നിയമം

വന്നപ്പോൾ ഇക്കാര്യങ്ങളെല്ലാം അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. ചരിത്ര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പഠനത്തിനുവേണ്ടി സമയബന്ധിതമായി ഇത് നൽകുമ്പോഴാണ് കേരളത്തിന്റെ യഥാർത്ഥ പൈതൃകം നമുക്ക് നിലനിർത്താൻ കഴിയുന്നത്.

പുരാരേഖകളെന്ന് പറയുമ്പോൾ, നമ്മുടെ വിവിധ രേഖകൾ അതായത് വിവിധ ഓഫീസുകളുമായി ബന്ധപ്പെടുന്ന രേഖകളെക്കൂടാതെ നമ്മുടെ സംസ്ഥാനത്തെ ചരിത്രമുറങ്ങുന്ന പൈതൃകമായ സ്വത്തുക്കളുണ്ട്. ഉദാഹരണത്തിന് എടയ്ക്കൽ ഗുഹ എന്റെ മണ്ഡലത്തിലാണ്. എടയ്ക്കൽ ഗുഹയുടെ രേഖ/ചരിത്രം വേണമെന്ന് ഒരു ചരിത്ര വിദ്യാർത്ഥി ചോദിച്ചാൽ നമ്മളെങ്ങനെയാണ് എടുത്തുകൊടുക്കുക; അതോടൊപ്പം എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിലെ ജൈന ക്ഷേത്രത്തിൽ ധാരാളം പഠന വിദ്യാർത്ഥികളും ഗവേഷകരും ടൂറിസ്റ്റുകളുമൊക്കെ വന്നുപോകാറുണ്ട്. ഒരുപക്ഷേ അവർ ഞങ്ങൾക്ക് ജൈന ക്ഷേത്രത്തിന്റെ ചരിത്രം പഠിക്കാനുള്ള ഒരു രേഖ വേണമെന്ന് ആവശ്യപ്പെട്ടാൽ നമ്മൾ എവിടെയാണ് അന്വേഷിക്കുക. അതിനാൽ അങ്ങനെ വളരെ

കൃത്യതയോടെയുള്ള ഒരു നിയമനിർമ്മാണമാണ് ഈ കാലഘട്ടത്തിൽ നമുക്കാവശ്യം.

സംസ്ഥാന പുരാരേഖ വകുപ്പിനുകീഴിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾക്ക് കൃത്യമായി സൂചികകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഗവേഷകർക്കോ ചരിത്ര വിദ്യാർത്ഥികൾക്കോ ഇത് പ്രയോജനപ്പെടുത്താനാകാത്ത സാഹചര്യമുള്ളതിനാൽ അവയ്ക്ക് പ്രത്യേകം സൂചികകളുണ്ടാക്കണം. അവ ഏതുസമയവും വളരെപെട്ടെന്ന് കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളുമായി നമ്മൾ ഈ നിയമത്തിലൂടെ മുന്നോട്ടുപോകുമ്പോൾ നമ്മുടെ കേരളത്തിന്റെ പഴയ ചരിത്രങ്ങളും കാര്യങ്ങളുമെല്ലാം ഏത് ഓഫീസിലും പെട്ടെന്ന് ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകും. പുരാരേഖനയത്തിന് വിരുദ്ധമായി മറ്റ് വകുപ്പുകളിൽനിന്നും പുരാരേഖാമൂല്യമില്ലാത്ത രേഖകൾ ഏറ്റെടുക്കുന്ന ഒരു പ്രവണത കാണുന്നുണ്ട്. ഒരു പുതിയ രേഖ ഏറ്റെടുക്കലല്ല; മറിച്ച് പഴയരേഖകൾ ഏറ്റെടുത്ത് അത് സംരക്ഷിക്കപ്പെടണമെന്നുള്ളതാണ് പുരാരേഖ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇന്ന് പഞ്ചായത്ത് ഓഫീസ്....

ശ്രീ. അൻവർ സാദത്ത്: സർ, ശരിക്കും ഈ ബിൽ യാഥാർത്ഥ്യമാകുമ്പോൾ....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ... അങ്ങയുടെ സമയമാണ് നഷ്ടമാകുന്നത്... ഒരു മിനിട്ട് കൂടിയേയുള്ളൂ...

ശ്രീ. അൻവർ സാദത്ത്: സർ, വരും തലമുറയ്ക്കുള്ള ഒരു കരുതലാണ് ഈ ബിൽ പാസാകുന്നതോടെ ലഭ്യമാകുന്നത്. ഒരുപക്ഷേ ഓഫീസ് തലങ്ങളിൽ.... നമുക്കറിയാം ഏത് ഓഫീസിലായാലും ഓഫീസർമാർ മാറിമാറിവരും അല്ലെങ്കിൽ വിവിധ ഡിപ്പാർട്ടുമെന്റുകളും മാറിയെന്നും വരും. പക്ഷേ അതിനപ്പുറം നമ്മുടെ വരും തലമുറയ്ക്കുള്ള ഒരു കരുതലായി ഈ ബില്ലിനെ കാണുന്നതിനാൽ വളരെ സൂക്ഷ്മതയോടെ തയ്യാറാക്കണമെന്നാണ് ഈ ബില്ലിനെക്കുറിച്ച് ചർച്ച നടത്തുന്ന എല്ലാവരോടുമായി എനിക്ക് പറയാനുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ചെയറിനെ ബഹുമാനിക്കുന്നതിനാൽ ഒരു കാര്യംകൂടി പറഞ്ഞ് നിർത്തുകയാണ്. നമ്മുടെ പൈതൃക രേഖ ശാസ്ത്രീയമായി സംരക്ഷിക്കപ്പെടണമെങ്കിൽ ആ വകുപ്പ് കുറച്ചുകൂടി കാര്യക്ഷമവും കാര്യപ്രാപ്തിയോടുംകൂടി മുന്നോട്ടുപോകേണ്ടതുണ്ട്.

ഇത്തരം രേഖകൾ സൂക്ഷിക്കുന്നതിനുവേണ്ടി റെക്കോർഡ് റൂമുകൾ വിഭാവന ചെയ്യുന്നുണ്ടെങ്കിൽ അവിടെ ആ റൂം മാത്രം മതിയാകില്ല; അതുമായി ബന്ധപ്പെട്ട് അത്തരം രേഖകൾ സംരക്ഷിക്കപ്പെടുന്നതിനും പരിപാലിക്കുന്നതിനുമായി ഉത്തരവാദപ്പെട്ട ഒരു ഓഫീസർ ഉണ്ടാകണം. പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള വിലക്ക് നിർബന്ധമാണെന്ന് അഞ്ചാം പേജിൽ പറയുന്നുണ്ട്. ഇത്തരത്തിലുള്ള വിലക്കുകൾ ഏർപ്പെടുത്തിക്കൊണ്ട് നമ്മുടേതായ പുരാരേഖകൾ നമ്മുടെ സംസ്ഥാനത്തും ജില്ലകളിലും നിയോജകമണ്ഡലങ്ങളിലും വിവിധ ഓഫീസുകളിലും അതിനെ കൃത്യമായി മേൽനോട്ടം വഹിക്കുന്നതിനും  പരിപാലിക്കുന്നതിനും കൃത്യതയോടുകൂടി അവ കൈകാര്യം ചെയ്യുന്നതിനുമായി ഒരു ഓഫീസറും ആ ഓഫീസറുടെ കീഴിൽ ഒരു കമ്മിറ്റിയുമുണ്ടാകണം. ആ കമ്മിറ്റികൾ സമയബന്ധിതമായി യോഗംചേർന്ന് നല്ലൊരു പരിപാലന സംവിധാനത്തിലേയ്ക്ക്, പുരാരേഖ സംരക്ഷണ നിയമമായി ഈ നിയമം മാറട്ടെ.  ഈ നിയമം സെസക്ട് കമ്മിറ്റിയുടെ പരിഗണനയിലൂടെ സാധ്യമാകുമെന്ന പ്രതീക്ഷയോടെ ഞാൻ നിർത്തുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. എച്ച്. സലാം): സർ, 2023-ലെ കേരള പൊതുരേഖ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും പാർലമെന്റ് പാസാക്കിയ നിയമവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളും നാം ഗൗരവമായി പരിഗണിക്കേണ്ട ചില കാര്യങ്ങളും ഇവിടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വിപുലമായ ചർച്ചയുടെ ഭാഗമായി അത്തരം കാര്യങ്ങൾ ഗൗരവമായി പരിഗണിച്ചുകൊണ്ടുതന്നെ നമുക്ക് ഈ ബില്ലിന് അംഗീകാരം കൊടുക്കാൻ കഴിയണം. നമ്മുടെ പുരാരേഖകൾ സംരക്ഷിക്കാൻ കഴിയുന്ന ഒരു ബിൽ/നിയമം ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളത് വലിയൊരു കുറവായി ഉൾക്കൊണ്ടുകൊണ്ട് നമുക്ക് ബില്ലിലേയ്ക്ക് പോകാൻ കഴിയണം. ഈ ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെ, 1976-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഒരു സർക്കാർ ഉത്തരവ് മാത്രമാണിത്. ഇത്തരം പ്രധാനപ്പെട്ട രേഖകൾ സംരക്ഷിക്കാനും പരിപാലിക്കാനും കണ്ടെത്താനുമെല്ലാമുള്ള

ഒരടിസ്ഥാന കാര്യമാണ് നമ്മുടെ മുമ്പിലുള്ളത്. ആയതിനാൽ അതിനെ വിപുലപ്പെടുത്തി, പാർലമെന്റ് പാസാക്കിയ മറ്റ് നിയമത്തെക്കൂടി അടിസ്ഥാനമാക്കി ഏറ്റവും ശക്തമായൊരു ബിൽ ഇപ്പോൾ പാസാക്കാൻ കഴിയുന്നുവെന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഭരണഘടനയുടെ 49-ാം അനുച്ഛേദമനുസരിച്ച് സ്മാരകങ്ങൾ, സ്ഥലങ്ങൾ, വസ്തുക്കൾ തുടങ്ങി നിയമപ്രകാരം പ്രഖ്യാപിക്കപ്പെട്ടവ സംരക്ഷിക്കുന്നത് രാഷ്ട്രത്തിന്റെ കടമയായി വ്യവസ്ഥ ചെയ്തുകൊണ്ടാണ് പോകുന്നത്. സ്വാഭാവികമായും അതിനെ അടിസ്ഥാനമാക്കി ബഹുമാന്യനായ അംഗം ശ്രീ. മുഹമ്മദ് മുഹസിൻ കുറേയധികം നിയമങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. ഇതൊന്നും ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. പാർലമെന്റ് പാസാക്കിയ ‘ Public Records Act- 1993’ -നെ ഇപ്പോൾ ആവിഷ്കരിക്കുന്ന ബില്ലിന്റെ ഉള്ളടക്കത്തിൽ പ്രധാനമായും ആശ്രയിക്കാൻ സാധിക്കുന്നതാണ്. അതിന്റെ പല ഭാഗങ്ങളും ബില്ലിന്റെ ഭാഗമാക്കി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ചരിത്ര പ്രാധാന്യമുള്ള രേഖകൾ, ഭരണപരമായി ദൈനംദിനം ആവശ്യമായി വരുന്ന രേഖകൾ ശരിയായി

സൂക്ഷിക്കുകയും കൈകാര്യം ചെയ്യുകയെന്ന പ്രധാന ചുമതല നിശ്ചയമായും നമുക്ക് ഏറ്റെടുക്കാൻ കഴിയുന്നുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ടപോലെ ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും വളർച്ചയുടെ കാലത്ത് നമുക്ക് ഈ രേഖകളെ ഏറ്റവും മികച്ച നിലയിൽ സൂക്ഷിക്കാൻ, തരം തിരിക്കാൻ, വേഗതയിൽ കണ്ടെത്താനുമെല്ലാം സാധിക്കുന്ന സാഹചര്യങ്ങളുണ്ട്. അതുകൊണ്ട് ഈ ബില്ലിന്റെ തുടർച്ചയിൽ പ്രാക്ടിക്കലായ പ്രവർത്തന വഴിയിൽ അത്തരം സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തി ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെന്നതാണ് സൂചിപ്പിക്കാനുള്ള കാര്യം. ഇതെല്ലാം നമുക്ക് ദൈനംദിനമായി അറിയുന്ന കാര്യങ്ങളാണ്. പ്രധാനമായും റവന്യൂ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, പഞ്ചായത്ത് വകുപ്പ് അവിടെയെല്ലാം സാധാരണ മനുഷ്യർ ഒരു പഴയ രേഖയ്ക്കുവേണ്ടി എത്തിയാലുണ്ടാകുന്ന പ്രയാസം, അത് നോക്കിയെടുക്കുന്ന പ്രയാസം, ലഭിക്കാത്തവ എന്നീ വിഷയങ്ങളുണ്ട്. ലഭിച്ചില്ലെന്ന സർട്ടിഫിക്കറ്റുവാങ്ങി ഇത് പുനഃസ്ഥാപിക്കാൻ പോകുന്ന പ്രക്രിയയുണ്ട്. ഇതിനെല്ലാം ഒരുപാട് നൂലാമാലയും ഒരുപാട് കാലവിളമ്പവും വരുന്ന കാര്യവുമാണ്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഇത്തരം

രേഖകൾ നഷ്ടപ്പെട്ടുപോകാത്ത വിധത്തിൽ ആധുനികമായ സൗകര്യത്തോടെ, ശാസ്ത്ര മികവിന്റെകൂടി സഹായത്തോടെ ഏറ്റവും ആധുനികമായ സംവിധാനങ്ങൾ ഒരുക്കി അതെല്ലാം നമുക്ക് സൂക്ഷിക്കുവാനുള്ള സംവിധാനം രൂപീകരിക്കണമെന്നാണ് ബില്ലിന്റെ ഭാഗമായി പ്രധാനമായും സൂചിപ്പിക്കാനുള്ളത്. ബില്ലിന്റെ കാര്യം മാത്രം പറയണമെന്നാണ് വിചാരിച്ചിരുന്നത്. പക്ഷേ മുസ്ലീം ലീഗിന്റെ അംഗം ശ്രീ. യു. എ. ലത്തീഫ് പുരാരേഖയുടെ ബില്ലിന്റെ കാര്യം സംസാരിക്കുമ്പോൾ എസ്.എഫ്.ഐ.-യുടെ കാര്യം പറയുകയാണ്. അദ്ദേഹം അങ്ങനെ പറഞ്ഞത് എന്തിനാണെന്ന് മനസ്സിലായില്ല. അദ്ദേഹത്തിന് പേപ്പർ മാറിപോയതാണെന്ന് ഇവിടെ ആരോ കമന്റ് പറയുന്നത് കേട്ടു. ഞാൻ ആ നിലയ്ക്കൊന്നും പറയുന്നില്ല. പക്ഷേ കേരളത്തിലെ വിദ്യാ സമൂഹത്തിന്റെ മുന്നിൽ, പൊതു സമൂഹത്തിന്റെ മുന്നിൽ എന്താണ് എസ്.എഫ്.ഐ.-ക്കുള്ള പ്രാധാന്യമെന്ന് അറിയാത്തവരാണോ; ഈ സമൂഹത്തിലെ കോൺഗ്രസ്സും യൂത്ത് കോൺഗ്രസ്സും കെ.എസ്.യു.-വും എം.എസ്.എഫ്.-ഉം എല്ലാം മാലാഖമാരാണോ; കേരളത്തിലെ ക്യാമ്പസുകളുടെ അനുഭവം നോക്കി നിങ്ങൾക്ക് പറയാൻ പറ്റുമോ? ഞങ്ങൾക്ക് നിവർന്നുനിന്ന്

അഭിമാനത്തോടെ പറയാൻ സാധിക്കും - ഈ കേരളത്തിലെ ക്യാമ്പസുകളിൽ ഒരാൾ പോലും എസ്.എഫ്.ഐ.-കാരന്റെ ആയുധത്തിന്റെ തുമ്പിൽ പിടഞ്ഞുവീണ് മരണപ്പെട്ട് പോയിട്ടില്ലെന്ന് അഭിമാനത്തോടെ ഞങ്ങൾക്ക് ഈ കേരളത്തിൽ പറയാൻ സാധിക്കും. യാഥാർത്ഥ്യവും ചരിത്രവും അതാണ്. നിങ്ങൾക്ക് അങ്ങനെയാണോ; 35 പേർ കൊല്ലപ്പെട്ട പ്രസ്ഥാനമാണ് എസ്.എഫ്.ഐ., ആ 35 പേരുടെ സഹോദരങ്ങളും, കുറച്ചുപേരുടെ അമ്മയും അച്ഛനും ജീവിച്ചിരിപ്പുണ്ട്. ഇന്നും തോർന്നുതീരാത്ത കണ്ണീരുമായി കഴിയുന്ന ആ കുടുംബങ്ങൾ കേരളത്തിൽ ജീവിക്കുന്നുണ്ടെന്ന ഒരു മിനിമം ധാരണയെങ്കിലും നിങ്ങൾക്ക് ഉണ്ടാകേണ്ടതല്ലേ; ഞങ്ങൾ ആരെയും കൊന്നിട്ടില്ലെന്ന് പറയുകയാണ്. ........ എന്ന അദ്ധ്യാപകനെ എങ്ങനെയാണ് നിങ്ങൾ കൊന്നത്; എങ്ങനെയാണ് മരണപ്പെട്ടത്; കേസുണ്ടായിരുന്നില്ലേ? സാക്ഷികൾ മാറ്റിപ്പറഞ്ഞപ്പോൾ നിങ്ങൾ രക്ഷപ്പെട്ടുപോയിക്കാണും. ആ സമയത്തെല്ലാം വിവാദമായ ഒരു എം.എൽ.എ.-യുടെ പേരുകൂടി വാർത്തയിൽ വന്നില്ലേ; പേരൊന്നും ഞാൻ ഇവിടെ പറയുന്നില്ല. ഞങ്ങൾ പറയുന്നത്, അത്തരം കേസുകളിൽ വെറുതെ വിട്ടുവെന്ന കാരണത്താൽ ആ അദ്ധ്യാപകൻ

മരിച്ചുപോയില്ലെന്ന് നിങ്ങൾ പറയുമോ; യൂത്ത് ലീഗിന്റെ പ്രവർത്തകരാണ് ആ കേസിൽ പ്രതിയായി പ്രസ്തുത കേസിന്റെ വിചാരണവേളയിൽ പ്രതിക്കൂട്ടിൽപ്പോയി നിന്നത്; വേറെ ആരെങ്കിലുമാണോ; കേസിന്റെ വിചാരണ വേളയിൽ ആ പ്രതികളുടെ കൂട് കാലിയായിരുന്നോ; നിങ്ങൾ മാലാഖമാരല്ല. 35 ആളുകൾ കൊല്ലപ്പെട്ടപ്പോൾ യു.ഡി.എഫ്.-ന്റെ ഭാഗത്തുള്ള കെ.എസ്.യു.-വും എം.എസ്.എഫും-ഉം ചേർന്നാണ് 12 പേരെ കൊന്നത്. താമരശ്ശേരിയുടെ എസ്.എഫ്.ഐ.-യുടെ ഏര്യാ സെക്രട്ടറിയായിരുന്ന ജോബി ആൻഡ്രൂസ് ഉണ്ട്. ജോബി ആൻഡ്രൂസ് ഒരു വാഹന ജാഥയുമായി കടന്നെത്തിയതാണ്. അയാളെ നിങ്ങൾ കല്ലുകൊണ്ട് എറിഞ്ഞാണ് കൊന്നത്. കല്ലുകൊണ്ടെറിഞ്ഞ് പ്രാകൃതമായി കൊലപ്പെടുത്തിയതാണ്. ആരാണ് കൊന്നത്, ഇതിൽ ഒന്നാമത്തെ പ്രതി ആരാണ്; എം.എസ്.എഫ്. അല്ലേ, കെ.എസ്.യു. അല്ലേ പ്രതി, അക്കാര്യത്തിൽ മുന്നണിയായിരുന്നില്ലേ..., ഞാൻ എല്ലാം പറയുന്നില്ല. ധീരജിന്റെ പ്രതി ആരാണ്; കെ.പി.സി.സി. പ്രസിഡന്റ് ആ കൊലപാതകത്തെക്കുറിച്ച് എന്താണ് പറഞ്ഞത്; ഇരന്നുവാങ്ങിയ കൊലപാതകമെന്നല്ലേ, പറഞ്ഞത്. നിങ്ങൾക്ക് ഒന്നപലപിക്കാൻ സാധിച്ചോ?

ഇവിടെ പ്രസംഗിച്ച ലീഗിന്റെ നേതാക്കന്മാരുണ്ടല്ലോ; ആ ചെറുപ്പക്കാരൻ കൊല്ലപ്പെട്ടപ്പോൾ നിങ്ങളെങ്കിലും തള്ളിപറഞ്ഞോ; ഇല്ലല്ലോ? എത്രപേരെയാണ്......, സഖാവ് ജി. സുധാകരന്റെ സഹോദരൻ സഖാവ് ജി. ഭുവനേശ്വരനെ പന്തളം എൻ.എസ്. കോളേജിൽവച്ച് ആരാണ് കൊന്നത്; നിങ്ങളല്ലേ കൊലപെടുത്തിയത്. സഖാവ് സി. വി. ജോസിനെ കൊലപ്പെടുത്തി. മാത്രമല്ല, സഖാവ് സി. വി. ജോസ് കൊല്ലപ്പെട്ടതിനുശേഷം സാക്ഷി വിസ്താരം നടക്കുമ്പോൾ അതിനുമുമ്പ് കേസിന്റെ വിചാരണ വേളയിൽ ഒന്നാം സാക്ഷിയായ/ദൃക്സാക്ഷി സഖാവ് എം. എസ്. പ്രസാദിനെയും നിങ്ങൾ കൊലപ്പെടുത്തി. അതല്ലേ കേരളത്തിന്റെ ചരിത്രം. അതായത് ഒരു കേസിൽനിന്നും രക്ഷപ്പെടാൻ അടുത്ത ആളെക്കൂടി കൊല്ലാൻ മടിയില്ലാത്ത കശ്മലൻമാരാണ് ഈ കേരളത്തിലെ കെ.എസ്.യു.-വും എം.എസ്.എഫും എന്നകാര്യം നിങ്ങൾ ഓർത്തുപോകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബില്ലിന്റെ ഭാഗത്തുനിന്നും വിട്ട് കുറച്ച് വേറെ വർത്തമാനം നിങ്ങൾ പറഞ്ഞതുകൊണ്ടാണ് ഇത് പറയേണ്ടിവന്നത്. അതുകൊണ്ട് കേരളത്തിലെ ക്യാമ്പസുകളിൽ ആരാണ് രക്തത്തിന്റെ കറ പിടിപ്പിച്ചതെന്ന് ഈ

നാടിനറിയാം. എറണാകുളം മഹാരാജാസ് കോളേജിലെ സഖാവ് സൈമൺ ബ്രിട്ടോയെ ആരാണ് ആക്രമിച്ചത്; മരിക്കുന്നതിനുമുമ്പ് എത്രയോ കൊല്ലം വീൽ ചെയറിൽ സൈമൺ ബ്രിട്ടോ ജീവിച്ചു; ആരാണ് പ്രതി സ്ഥാനത്തുള്ളത്; വെള്ള ഖദർ ഇട്ടാൽ മലാഖയാകില്ല. ആ വെള്ള ഖദറിന്റെ മേലെ ഈ പറയുന്ന ഒരുപാട് പാപക്കറയുണ്ട് നിങ്ങളുടെ ശരീരത്തിലെന്ന കാര്യം നിങ്ങൾ ഗൗരവമായി കാണണമെന്നുകൂടിയാണ് ഈ സമയത്ത് സൂചിപ്പിക്കാനുള്ളത്; കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ചട്ടം 300 അനുസരിച്ച് ഇവിടെ പ്രഖ്യാപനം നടത്തി. എന്താണ് ഈ സർക്കാരിന്റെ പ്രയോരിറ്റിയെന്ന് ഈ കേരളത്തിൽ അത് ഒന്നുകൂടി പറയുകയാണ്. അപ്പോൾ എവിടെനിന്നാണ് കാശ് എന്നാണ് അഭിപ്രായം; കേരളത്തിലെ മുഖ്യമന്ത്രിയുടെയും ധനകാര്യവകുപ്പുമന്ത്രിയുടെയും വീട്ടിൽനിന്നും കൊണ്ടുവന്ന് കൊടുക്കുന്നില്ല ഞങ്ങൾ. ഞങ്ങൾ കൊടുക്കാം, ഈ പറഞ്ഞ കാര്യം നടക്കുമോ ഇല്ലയോയെന്ന് നോക്കാൻ മിനിമം ഒന്ന് വെയിറ്റ് ചെയ്യണ്ടേ; അൽപ്പസമയം കാത്തിരിക്കാനുള്ള മര്യാദ നിങ്ങൾ കാണിക്കണ്ടേ; എന്തുവന്നാലും ആക്ഷേപിക്കുകയാണ്. മഹാകവി ഉള്ളൂർ എസ്.

പരമേശ്വരയ്യരിന്റെ ഒരു കവിതയുണ്ട്. 'അമ്പലകുളം' എന്ന കവിതയിൽ പറയുന്ന പ്രധാനപ്പെട്ടൊരു കാര്യമുണ്ട്, ഒരു മുത്തശ്ശിയും കൊച്ചുമകളും ചേർന്ന് കുളത്തിൽ കുളിക്കാൻ പോകുകയാണ്. ആ ചെറുമകൾ കുളത്തിൽ താഴ്ന്നപോകുമ്പോൾ അടുത്തുള്ള പുല്ലനെന്ന് പേര് വിളിക്കുന്ന ഒരാൾ അടുത്ത പാടത്തുനിന്ന് ഓടിവന്ന് രക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. അപ്പോൾ ഈ മുത്തശ്ശി കല്ലെറിയുകയാണ്. ആ കല്ല് എറിയുന്നതിന് അവർ പറയുന്ന ന്യായം നീ തൊട്ട ഈ കുട്ടി അശുദ്ധിയായി മാറിയെന്നുള്ളതുകൊണ്ട് ആരും ഇവളെ കല്യാണം കഴിക്കാൻ വരില്ലെന്നാണ്; രണ്ടാമത് പറഞ്ഞ കാര്യം, എബ്രാന്തിരിക്ക് കുളിക്കേണ്ട കുളമാണ്. ഇനിയെങ്ങനെ കുളത്തിൽ കുളിക്കുമെന്നാണ്; ഈ രണ്ട് കാര്യം പറഞ്ഞ് മുങ്ങിത്താഴുന്ന കുട്ടിയെ രക്ഷിക്കുന്ന പുല്ലനെ കല്ലെറിയുന്നതാണ് ആ കവിത. കേരളത്തിൽ കേന്ദ്ര സർക്കാരിന്റെ ക്രൂരമായ ഉപരോധത്താൽ പ്രയാസപ്പെടുന്ന ഈ കേരളത്തെ കൈപിടിച്ച് ഉയർത്തുന്ന സഖാവ് പിണറായി വിജയനെ കല്ലെറിയുന്ന മുത്തശ്ശിമാരായാണ് നിങ്ങൾ ഇന്ന് കാണുന്നത്. അതാണ് കേരളത്തിൽ ഇന്നുകാണാൻ സാധിക്കുന്ന കാര്യം. അതുകൊണ്ട് ഞാൻ ദീർഘമായി പറഞ്ഞുപോകുന്നില്ല. രാഷ്ട്രീയമായ പ്രശ്നങ്ങളെല്ലാം ഇതിന്റെ

ഉള്ളടക്കമായി വരുന്ന കാര്യമാണ്. പഴയകാര്യങ്ങൾ വീണ്ടും വീണ്ടും പറഞ്ഞ് അധിക്ഷേപിക്കാൻ സഭാസദസ്സിനെ ഉപയോഗപ്പെടുത്തുകയെന്ന രീതി ഇപ്പോൾ കുറച്ച് കൂടിവരുന്നത് കോൺഗ്രസ്സിനെക്കാൾ ലീഗുകാർക്കാണെന്ന കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾക്ക് ഹ്രസ്വമായി മാത്രം മറുപടി നൽകാം. ഏതെല്ലാമാണ് പൊതുരേഖകളെന്ന് പ്രഖ്യാപിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. യു. എ. ലത്തീഫ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പൊതുരേഖകളെ നിർവ്വചിക്കാനേ കഴിയൂ, പ്രഖ്യാപിക്കാൻ കഴിയില്ല. തീർപ്പാക്കപ്പെട്ട ശാശ്വതമൂല്യങ്ങളുള്ള രേഖകൾ ഉൾപ്പെടെ ബില്ലിന്റെ പരിധിയിൽ വരുന്നവയാണ്. സമഗ്രമായ പരിശോധനയ്ക്ക് ബിൽ വിധേയമാക്കണമെന്നും ദീർഘകാലത്തെ വൈകൽ ഒഴിവാക്കണമെന്നും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് നിർദ്ദേശിക്കുന്നത്. ബിൽ

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുമ്പോൾ പൊതുജനാഭിപ്രായംകൂടി സമാഹരിക്കാൻ സാധിക്കും. നിലവിലുള്ള രേഖകൾ പ്രാഥമികമായവ മാത്രമാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറയുകയുണ്ടായി, അത് ശരിയല്ല. മുളക്കരണങ്ങൾ, ചേപ്പേടുകൾ, താളിയോലകൾ എന്നിവ കടന്നാണ് പേപ്പർ രേഖകളിലേയ്ക്കെത്തിയത്. നാളത്തെ രേഖകൾ ഡിജിറ്റൽ രൂപത്തിലായിരിക്കും. ഭാവിയിൽ പ്രാധാന്യമുള്ള ഡിജിറ്റൽ രേഖകൾകൂടി ഉൾക്കൊള്ളുന്നതാണ് ഈ നിയമം. അമൂല്യമായ രേഖകൾ സംരക്ഷിക്കാനും രാജ്യത്തിന്റെ അമൂല്യനിധിയായി സൂക്ഷിക്കാനുമുള്ള ശ്രമങ്ങൾ നടത്താൻ നമുക്ക് കഴിയണം. അത്തരം കർമ്മങ്ങൾ നിർവ്വഹിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് നമ്മുടെ കേരളം. അതിന് രൂപഭാവം നൽകുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമാണ്.

നമ്മുടെ മഹത്തായ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകളാണ് പുരാരേഖകളും പുരാവസ്തുക്കളും മറ്റ് ചരിത്ര ശേഷിപ്പുകളും. ചരിത്രമെന്നത് കാലത്തോടൊപ്പം മുന്നേറുന്നതാണ്. അതുകൊണ്ടുതന്നെ ഏതുകാലത്തെയും ചരിത്ര പ്രാധാന്യമുള്ള ശേഷിപ്പുകളും പുരാരേഖകളും

പൊതുരേഖകളും സംരക്ഷിക്കപ്പെടേണ്ടത് രാജ്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ ചരിത്രവും സംസ്കാരവുമെല്ലാം മാറ്റിയെഴുതാനും ചരിത്ര ശേഷിപ്പുകളെയും ചരിത്ര നായകരെയുമെല്ലാം തമസ്കരിക്കാനും തിരോഭ്രതമാക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ അത്യന്തം ഹീനമായ നിലയിൽ രാജ്യത്തിന്റെ ഒരുഭാഗത്ത് നടക്കുമ്പോൾ യഥാർത്ഥ ചരിത്രവസ്തുതകളുടെ നേർസാക്ഷ്യങ്ങളായ രേഖകൾ അത്യന്തം അമൂല്യമായ നിധികളായി സംരക്ഷിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അത്യാവശ്യമായി മാറുകയാണ്.

അടുത്തകാലത്തായി ഇന്ത്യൻ പാർലമെന്റിൽത്തന്നെ ഗാന്ധിജിയുടെ ഘാതകനെ ചരിത്രപുരുഷനായി വാഴ്ത്താനും രാജ്യത്തുടനീളം ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കാനുമുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ആ സന്ദർഭത്തിൽ ഇടതുപക്ഷ കക്ഷികൾ മാത്രമാണ് പ്രതിഷേധിച്ചത്. അതുകേട്ട് ആസ്വദിച്ച പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരുണ്ട്. ആരെയും ചരിത്രത്തിൽനിന്നും തുടച്ചുമാറ്റാൻ കഴിയുന്ന അത്രയേറെ ഭ്രാന്തമായ നിലപാട് സ്വീകരിക്കുന്ന സാഹചര്യത്തിലാണ് പുരാരേഖകളെയും ചരിത്രത്തിന്റെ പൈതൃക

സൂക്ഷിപ്പുകളെയും എത്രയേറെ രാജ്യത്തിന് ആവശ്യമാണെന്ന് നാടിന് ബോധ്യമാകുന്നതും ബോധ്യമാകേണ്ടതും.

നമ്മുടെ സംസ്ഥാനത്തെ പുരാവസ്തു സ്മാരകങ്ങളുടെയും ശേഷിപ്പുകളുടെയും സംരക്ഷണം, പരിപാലനം എന്നിവയെക്കുറിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടും 1972-ലെ അതിന്റെ റൂൾസും നിലവിലുണ്ട്. എന്നാൽ പൊതുരേഖകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് നാളിതുവരെയായി സംസ്ഥാനത്തിന് പൊതുവായി ഒരു നിയമം നിർമ്മിച്ചിട്ടില്ല. ആ പോരായ്മ പരിഹരിക്കാനാണ് '2023-ലെ കേരള പൊതുരേഖാ ബിൽ' എന്ന ഈ പുതിയ ബിൽ സഭയുടെ മുമ്പാകെ സമർപ്പിച്ചതും അതിന് അംഗീകാരം തേടുന്നതും. നിലവിലുള്ള നമ്മുടെ ആർക്കൈവ്സ് അതിന്റെ ഉള്ളടക്കംകൊണ്ട് ഏറെ സമ്പന്നമാണ്. അമൂല്യമായ താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേടുകൾ, പേപ്പർ രേഖകൾ എന്നിവയെല്ലാം നമ്മുടെ ആർക്കൈവ്സിനെ സമ്പന്നമാക്കുന്നു. അതുകൊണ്ട് ഈ പുരാവസ്തു ശേഖര മ്യൂസിയത്തുള്ള അമൂല്യമായ നമ്മുടെ ചരിത്രസാക്ഷ്യങ്ങൾ സൂക്ഷിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ

ആവശ്യമാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചരിത്രം മാറ്റിയെഴുതാനും ചരിത്രം നിർമ്മിച്ച മഹാരഥന്മാരെ തിരസ്കരിക്കാനുമൊക്കെ കഴിയുന്ന നിരവധി സംഭവങ്ങൾ നടക്കുകയാണ്.

അടുത്തകാലത്തായി ചെയ്ത ഒന്നുരണ്ടുകാര്യങ്ങൾ പറയാം. മലപ്പുറം ജില്ലയിലെ ചമ്രശ്ശേരി മരനാട്ടു മനയിലെ രേഖകൾ, നിരണം പള്ളി രേഖകൾ, കണ്ണൂർ ഇംഗ്ലീഷ് പള്ളിയിലെ രേഖകൾ, കേശവദേവിന്റെ കൈയെഴുത്ത് രേഖകൾ, ഒ.എൻ.വി. കുറുപ്പിന്റെ ഡയറിക്കുറിപ്പുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രധാനപ്പെട്ടവയിൽ ചിലതാണ്. ഈ അമൂല്യമായ നിധികളാണ് കമ്മ്യൂണിറ്റി ആർക്കൈവ്സ് എന്ന പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി ശേഖരിക്കാൻ ശ്രമിച്ചവ. അടുത്ത കാലത്താണ് എറണാകുളത്ത് വെച്ച് ശ്രീ. എൻ. എസ്. മാധവന്റെ പക്കൽനിന്നും ഇത്തരത്തിലുള്ള ചില രേഖകൾ ഏറ്റുവാങ്ങിയത് വൈക്കം സത്യാഗ്രഹകാലത്തും ക്ഷേത്ര പ്രവേശന വിളംബര കാലത്തും തിരുവിതാംകൂർ ദേവസ്വംകമ്മീഷണറായിരുന്ന രാജരാജവർമ്മയുടെ ഡയറിക്കുറിപ്പുകളായിരുന്നു ഈ ചരിത്ര രേഖകൾ. ഇത്തരത്തിൽ ചരിത്ര സാക്ഷ്യങ്ങളായ രേഖകൾ

സംരക്ഷിക്കേണ്ടത് യഥാർത്ഥ ചരിത്ര നിർമ്മിതിക്ക് അത്യാവശ്യമാണ്. അത്തരത്തിലുള്ള അവബോധം ജനങ്ങൾക്ക് പകർന്ന് നൽകുന്നതോടൊപ്പം നിയമപരമായ ബാദ്ധ്യതകൂടി ഉറപ്പാക്കേണ്ടതുണ്ട്. അതാണ് 'കേരള പൊതുരേഖാ ബിൽ' എന്ന പേരിലുള്ള ഈ ബില്ലിലൂടെ ആഗ്രഹിക്കുന്നത്. നിലവിൽ ഇതിന് ആധാരമായിട്ടുള്ളത് 1976-ലെ (കൈയെഴുത്ത്) നമ്പർ 157/1976/ഉ.വി. എന്ന സർക്കാർ ഉത്തരവ് മാത്രമാണ്. ഇത് 11-10-1976-ലെ കേരള സർക്കാർ രേഖകളെ സംബന്ധിച്ച് ചരിത്രരേഖാ നയതീരുമാനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവാണ്. ഇത്തരം കാര്യങ്ങളുമായി മുന്നോട്ടുപോകാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

കേന്ദ്രത്തിൽ 1993-ൽ ഒരു ‘ Public Records Act’ പുറപ്പെടുവിച്ചതിന്റെയടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും ഇത്തരത്തിലുള്ള സമഗ്രമായ ഒരു നിയമം നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഈ ബിൽ അവതരിപ്പിക്കാനും ഇത് പാസാക്കിയെടുക്കാനുള്ള ചുമതല നമുക്കുണ്ട്.

2005-ൽ മഹാരാഷ്ട്ര സർക്കാരും 2010-ൽ കർണ്ണാടക സർക്കാരും പൊതുരേഖാ സംരക്ഷണത്തിനായി പ്രത്യേകം നിയമം നിർമ്മിച്ചിട്ടുള്ളതായാണ് മനസിലാക്കിയിട്ടുള്ളത്. കേന്ദ്രനിയമവും മറ്റ് സംസ്ഥാനങ്ങൾ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുമെല്ലാം പരിശോധിച്ച് ഡിജിറ്റൽ സാങ്കേതിക വിദ്യയിലേയ്ക്ക് ലോകം ചേക്കേറിയ വർത്തമാന കാലത്തിന്റെ പ്രത്യേകതകളും വെല്ലുവിളികളും ഉൾപ്പെടുത്തിയാണ് സംസ്ഥാന പുരാരേഖ വകുപ്പിനുവേണ്ടി സംസ്ഥാന സർക്കാർ വളരെ സമഗ്രമായ ഒരു ബില്ലിന് രൂപം നൽകിയിട്ടുള്ളത്. സമയക്കുറവുകാരണം ബില്ലിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. നിയമലംഘനമുണ്ടായാൽ സ്വീകരിക്കുന്ന ശിക്ഷാനടപടികളെക്കുറിച്ച് ഇതിൽ പരാമർശിക്കുന്നുണ്ട്. അതിനാൽ ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ അതിൽ നിക്ഷിപ്തമായിരിക്കുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്ന സാഹചര്യം സംസ്ഥാനത്താകമാനം സംജാതമാകും. നിലവിലുള്ള ചരിത്രരേഖാനയ തീരുമാനപ്രകാരം 25 വർഷം കഴിഞ്ഞ രേഖകൾ വകുപ്പിന് കൈമാറണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത് ശരിയാംവണ്ണം പ്രാവർത്തികമായിരുന്നില്ല. എന്നാൽ ഈ ബിൽ

പാസാക്കുന്നതോടുകൂടി അത്തരം കാര്യങ്ങൾ സമഗ്രമായി പ്രാവർത്തികമാക്കാൻ കഴിയുമെന്നുള്ളതാണ് പ്രത്യേകത. അവബോധ പ്രവർത്തനങ്ങളിലൂടെ പ്രാധാന്യമുള്ള പൊതുരേഖകൾ വെളിച്ചത്തു കൊണ്ടുവരാനും സംരക്ഷിക്കാനും സാധിക്കുന്നൊരു പ്രബോധന കർമ്മംകൂടി നിർവ്വഹിക്കാൻ ഈ ബില്ലിന്റെ പ്രവർത്തനക്ഷമതയിലൂടെ ബോധ്യപ്പെടുത്താൻ കഴിയണം. ബില്ലിന്റെ വിശദമായ പരിശോധനയും ചർച്ചകളും പിന്നീട് നടക്കുമെന്നതുകൊണ്ട് വിശദമായി സംസാരിക്കുന്നില്ല. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുമ്പോൾ പൊതുജനങ്ങളുടെകൂടി വികാരങ്ങളും നിർദ്ദേശങ്ങളും ഈ പുതിയ ബില്ലിന് അതിന്റെ പ്രവർത്തന ക്ഷമതയ്ക്കും മുതൽക്കൂട്ടായി ലഭിക്കാൻ സാധ്യയുണ്ടെന്നതാണ് ഇതിന്റെ പ്രത്യേകത. സമഗ്രമായ പരിശോധനകളും ചർച്ചകളും നടത്തിക്കൊണ്ട് ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന കാര്യം പരിഗണിക്കണം. '2023-ലെ കേരള പൊതുരേഖാ ബിൽ' എന്ന ഈ ബിൽ സഭയുടെ പരിഗണയ്ക്കായി സമർപ്പിക്കുന്നു. ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാവർക്കും നന്ദി

രേഖപ്പെടുത്തുന്നു. അതോടൊപ്പം ഇത്തരത്തിൽ സമഗ്രമായൊരു ചർച്ച നടത്തിയതിന് അഭിനന്ദനവും അറിയിക്കുന്നു.

'2023-ലെ കേരള പൊതുരേഖാ ബിൽ' സംബന്ധിച്ച് സെലക്ട് കമ്മിറ്റി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കാവുന്നതാണ്.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ), സർവ്വശ്രീ. അഹമ്മദ് ദേവർകോവിൽ, അനൂപ് ജേക്കബ്, ആന്റണി രാജു, ഐ. സി. ബാലകൃഷ്ണൻ, മുഹമ്മദ് മുഹസിൻ, പി. നന്ദകുമാർ, എൻ. എ. നെല്ലിക്കുന്ന്, എം. രാജഗോപാലൻ, ഐ. ബി. സതീഷ്, കെ. വി. സുമേഷ്, ഇ. ടി. ടൈസൺ മാസ്റ്റർ, പി. ഉബൈദുള്ള, ഡോ. എൻ. ജയരാജ്, ശ്രീമതി കാനത്തിൽ ജമീല

<u>മി. സ്പീക്കർ</u>: ശ്രീ. മുഹമ്മദ് മുഹസിൻ, '2023-ലെ കേരള പൊതുരേഖാ ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്, '2023-ലെ കേരള പൊതുരേഖാ ബിൽ' ഒരു സബ്ജക്ട് കമ്മിറ്റിയുടെ പരഗണനയ്ക്ക് അയക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള പൊതുരേഖാ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ.....

‘ 2023-ലെ കേരള പൊതുരേഖാ ബിൽ' ഇനിപറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സർവ്വശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, അഹമ്മദ് ദേവർകോവിൽ, അനൂപ് ജേക്കബ്, ആന്റണി രാജു, ഐ. സി. ബാലകൃഷ്ണൻ, മുഹമ്മദ് മുഹസിൻ, പി. നന്ദകുമാർ, എൻ. എ. നെല്ലിക്കുന്ന്, എം. രാജഗോപാലൻ, ഐ. ബി. സതീഷ്, കെ. വി. സുമേഷ്, ഇ. ടി. ടൈസൺ മാസ്റ്റർ, പി. ഉബൈദുള്ള, ഡോ. എൻ. ജയരാജ്, ശ്രീമതി കാനത്തിൽ ജമീല

ഓർഡർ... ഓർഡർ... ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.